(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട്സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.-4/219/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ, തീയതി. 28.03.2019
Phone No. : 04862 227332
E-mail – doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
ഇടുക്കി ജില്ലാപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

വിഷയം:- ഇടുക്കി ജില്ലാപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

************************************

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരളാ പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) .

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം).
2. ഗവ. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. റീജിയണൽ പെർഫോമൻസ് ഓഡിറ്റർ, മെയിൻ റോഡ്, തൃപ്പൂണിത്തുറ, എറണാകുളം – 682301
4. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-4/219/2019 തീയതി:28.03.2019

# ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെകേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.10.2017മുതൽ 17.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ & ശ്രീ ടി.എൽ സാംകുട്ടി ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.02.2018മുതൽ18.02.2018വരെ &<br>14.02.2019 മുതൽ 02.03.2109 വരെ |

| | 01.02.2018 മുതൽ 18.02.2018 വരെ ഓഡിറ്റ് നടത്തിയവർ | 18.02.2019 മുതൽ 02.03.2109 വരെ ഓഡിറ്റ് നടത്തിയവർ |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.കെ വിനോദ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | ശ്രീ.ധനജയൻ റ്റിഎസ്<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.ടി സോമൻ,<br>ഓഡിറ്റ് ഓഫീസർ | ശ്രീ.സജിമോൻ വി ജി<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ധനജയൻ ടി.എസ്,<br>ഓഡിറ്റ് ഓഫീസർ | ശ്രീ സണ്ണി എം യു<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ അഭിലാഷ്,<br>സീ.ഗ്രേഡ് ഓഡിറ്റർ | ശ്രീമതി.അനിറ്റ പി സാമുവൽ<br>സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനീറ്റാ പി. സാമുവൽ,<br>സീ.ഗ്രേഡ് ഓഡിറ്റർ | ശ്രീ.മേജോ കെ ജോർജ്ജ്<br>സീ. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ്,സീ. ഗ്രേഡ് ഓഡിറ്റർ | ശ്രീ സാമുവൽരാജ് ആർ<br>സീ. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യൂസീ. ഗ്രേഡ് ഓഡിറ്റർ | ശ്രീ ബെന്നി മാത്യൂ<br>സീ. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ സി,<br>ഓഡിറ്റർ | - |
| | ശ്രീ. ജോമോൻ ഫ്രാൻസീസ്,<br>ഓഡിറ്റർ | - |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കമാരി കൊച്ചുത്രേസ്യാ പൗലോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ഷാജി കെ കുര്യൻ | 01.04.2017 മുതൽ 31.07.17 വരെ |
| | ശ്രീ.റഷീദ് എം കെ | 01.08.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | ശ്രീമതി.സ്റ്റെല്ല ജേക്കബ് | 01/04/2017 മുതൽ 31.03.2018വരെ |
| മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ഡോ.ഉണ്ണികൃഷ്ണൻ ടി.ജി | 01/04/2017 മുതൽ 31/03/2018 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | സുരേഷ് കമാർ കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ ഡയറി | ശ്രീ.എസ് ശ്രീകമാർ | 01/04/2017 മുതൽ 31/03/2018 വരെ |
| ജില്ലാ ഓഫീസർ സാമൂഹ്യ സുരക്ഷ വകുപ്പ് . | ശ്രീമതി സോഫി ജേക്കബ് | 01/04/2017 മുതൽ 31/03/2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | ശ്രീ എ അബൂബക്കർ | 01/04/2017 മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി (ഹോമിയോ) | ഡോ.ഇ എൻ രാജു | 01/04/2017 മുതൽ 31.03.2018 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ഹലീമ പി.പി | 01/04/2017 മുതൽ 31/05/2107 വരെ |
| | ശ്രീ ബിജു വിശ്വം | 01/06/2017 മുതൽ 15/09/2017 വരെ |
| | ശ്രീമതി ജെസ്സി ഇ എസ് | 16/09/2017മുതൽ 31/03/2018 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ലിസ്സി തോമസ് | 01/04/2017 മുതൽ 25/09/2107 വരെ |
| | ശ്രീമതി ജിജി തോമസ് | 26/09/2017 മുതൽ 31/03/2018 വരെ |

<u>ഉള്ളടക്കം</u>


| ഭാഗം-1- പൊതു അവലോകനം | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2- വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| -ഇല്ല- | | |
| ഭാഗം-3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 3-1 | പ്രായോഗികത പരിഗണിക്കാതെ പദ്ധതി ആസൂത്രണം ചെയ്യുന്നതിനാൽ നിരവധി പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടിവരുന്നു. പ്രതിവർഷം 75 കോടിയുലധികം തുക പാഴാകുന്നു. |
| 14 | 3-2 | ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി മാർഗരേഖ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ |
| 15 | 3-3 | ബെറ്റർ എഡ്യൂക്കേഷൻ-വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ തുക ചെലവഴിക്കുന്നു |
| 16 | 3-4 | പെരുമ്പിള്ളിച്ചിറ കുടിവെള്ള പദ്ധതി-നാളിതുവരെ പൂർത്തീകരിച്ചില്ല. |
| 17 | 3-5 | വളവനാപുരം കൊക്കയാർ റോഡ് (832/18)-അധിക നിരക്ക് നല്കിയതോടൊപ്പം പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവും അനുവദിച്ചു |
| 18 | 3-6 | അടിമാലി ഗ്രാമപഞ്ചായത്ത് .ചില്ലിത്തോട് -ഒഴുകത്തടം എസ്.സി. കോളനി റോഡ്. സ്ഥലം വിട്ട് നൽകിയ രേഖയില്ല. |
| 19 | 3-7 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ, ചെലവ് തടസ്സം |
| 20 | 3-8 | പ്രോജക്ട് നിർവ്വഹണത്തിനിടെയുള്ള എസ്റ്റിമേറ്റ് റിവിഷൻ തുടരുന്നു |
| 21 | 3-9 | മരാമത്ത് പ്രവൃത്തികളുടെ ഫയൽ രേഖകളിൽ വ്യാപകമായ തിരുത്തലുകൾ |
| 22 | 3-10 | മുട്ട ഗ്രാമം പദ്ധതി -തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. |
| 23 | 3-11 | ദേവിയാർ ജി.എച്ച്.എസ്.റൂഫിംഗ് അധിക തുക നൽകിയിരിക്കുന്നു. |
| 24 | 3-12 | ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ |
| 25 | 3-13 | കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.നഷ്ടം |
| 26 | 3-14 | ഐറ്റംവൈസ് ടെണ്ടറിൽ അധികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് |

| | | |
|---|---|---|
| | | നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി-നഷ്ടം |
| 27 | 3-15 | സർവ്വീസ് ടാക്സ് ഇനത്തിൽ അവശേഷിക്കുന്ന റീടെൻഷൻ തുകകൾ ക്രമീകരിച്ചിട്ടില്ല. |
| 28 | 3-16 | മൂങ്കലാർ ഒന്നാം ഡിവിഷൻ ഗ്രൗണ്ട് കോൺക്രീറ്റ്-അധിക തുക നൽകി അംഗീകരിക്കുന്നില്ല |
| 29 | 3-17 | അങ്കണവാടി കെട്ടിടം-അധിക തുക നൽകിയത് |
| 30 | 3-18 | ശമ്പള പരിഷ്കരണ കടിശിക പണമായി പിൻവലിച്ചത് തിരിച്ചടച്ചില്ല. |
| 31 | 3-19 | ആവശ്യമായ രേഖകളുടെ അഭാവം-ചെലവ് തടസ്സപ്പെടുത്തുന്നു. |
| 32 | 3-20 | മരുന്ന് പൂർണ്ണമായും ലഭ്യമാകാത്തത് |
| 33 | 3-21 | വ്യക്തമായ ആസൂത്രണമില്ലാതെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു |
| 34 | 3-22 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ-പ്രൊക്യർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി. |
| 35 | 3-23 | തെരുവ് നായ്ക്കളുടെ നിയന്ത്രണം-പദ്ധതി നടപ്പാക്കാതെ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |
| 36 | 3-24 | നിർമ്മാണം പൂർത്തീകരിക്കാത്ത ആയുർവേദ ആശുപത്രി വനിത വാർഡിനായി ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നു. |
| 37 | 3-25 | വിവിധ നിക്ഷേപ നിക്ഷേപപ്രവൃത്തികൾ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല |
| 38 | 3-26 | വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു-നഷ്ടം |
| ഭാഗം-4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 39 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 42 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 43 | 4-5 | സ്ഥിര നിക്ഷേപം |
| 44 | 4-6 | ഓഡിറ്റ് റിക്കവറി |
| 45 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 46 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 47 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 49 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 50 | അനുബന്ധം-2 | ഓഡിറ്റ് ചെയ്ത പത്രികകൾ |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തേക്കുള്ള 28.03.2017തീയതിയിലെ പ്രത്യേക ബജറ്റ് കമ്മറ്റിയിൽ ആവതരിപ്പിച്ച് അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് ബജറ്റ് 23.3.2017 നം അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214 (1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിശ്ചിത സമയക്രമത്തിനുള്ളിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായയി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 28.3.2018 നം ജനറൽ കമ്മറ്റി 29.3.2018 നം അംഗീകരിച്ചിട്ടുണ്ട്. 2017-18 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹9520910 |
| | |

| | |
|---|---|
| വരവ് | ₹953601270 |
| ചെലവ് | ₹959068700 |
| നീക്കിയിരിപ്പ് | ₹4053480 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | സർട്ടിഫിക്കേഷൻ നടത്തിയിട്ടില്ല | -- |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | ₹95047236 |
| വരവ് | ₹715696335 |
| ആകെ | ₹810743571 |
| ചെലവ് | ₹719231321 |
| നീക്കിയിരിപ്പ് | ₹9151225 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 366344000 | 366344000 | 224686672 | 141657328 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 116526000 | 116526000 | 66157951 | 50368049 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 50607000 | 50607000 | 19632398 | 30974602 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 194411000 | 194411000 | 180074027 | 14336973 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 67204000 | 67204000 | 63020465 | 4183535 |
| എസ്.എസ്.എ | 4637943 | 183746 | 4821689 | 0 | 4821689 |
| ആർ.എം.എസ്.എ | 5002186 | 54622724 | 59624910 | 55981096 | 3643814 |
| ആർ.ജി.പി.എസ്.എ | 0 | 1200000 | 1200000 | 0 | 1200000 |
| സ്കോളർഷിപ്പ് | 0 | 10000 | 10000 | 0 | 10000 |
| എൻ.ആർ.എച്ച്.എം | 0 | 350000 | 350000 | 0 | 350000 |
| കേരളോത്സവം | 34073 | 252084 | 286157 | 250000 | 36157 |
| ആയുർവേദ വകുപ്പ് | 7650000 | 321090 | 7971090 | 5610718 | 2360372 |
| മറ്റിനം | 830351 | 0 | 830351 | | 830351 |
| നബാർഡ് | 1387612 | 32903500 | 34291112 | 33800500 | 490612 |
| ഗ്രാമപഞ്ചായത്ത്-എ.ബി.സി | 3255000 | 965091 | 4220091 | 0 | 4220091 |
| ഗുണഭോക്തൃവിഹിതം | 99577 | 395761 | 495338 | 410688 | 84650 |
| മറ്റിനം | 5479663 | 0 | 5479663 | 0 | 5479663 |
| സാമൂഹ്യ നീതി വകുപ്പ് | 0 | 23051068 | 23051068 | 23051068 | 0 |

| | | | | | |
|---|---|---|---|---|---|
| പൊതു ഉദ്ദേശ്യ ഗ്രാന്റ് | 0 | 27341000 | 27341000 | 27341000 | 0 |
| ട്രഷറി അക്കൗണ്ട് | 49941624 | 27341000 | 77282624 | 36209288 | 41073336 |
| എസ്.ബി.ടി തനത് | 22672048 | 20528758 | 43200806 | 10309638 | 32891168 |
| ഇ.എം.എസ് ലോൺ | 322021 | 0 | 322021 | 0 | 322021 |
| ഐ.ഡ്.സ്.ബി-വിദ്യാഭ്യാസം | 500 | 0 | 500 | 0 | 500 |
| ക്യാഷ് | 44652 | 0 | 0 | 0 | 7840 |

കുറിപ്പ്-

1. എസ്.ബി.റ്റി തനത് മുന്നിരിപ്പിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി നിക്ഷേപിച്ച ₹99577/- കുറവ് ചെയ്തിട്ടുണ്ട്. നീക്കിയിരിപ്പിൽ നിന്നും ₹94650/- (10000+84650) കുറവ് ചെയ്തിട്ടുണ്ട്.

2. ട്രഷറി മുന്നിരിപ്പിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച ₹7650000/- കുറവ് ചെയ്തിട്ടുണ്ട്. നീക്കിയിരിപ്പിൽ നിന്നും ₹3910372/- (1200000+350000+2360372) കുറവ് ചെയ്തിട്ടുണ്ട്.

3. ബി-4ഷെഡ്യൂളിൽ 320300199 ഹെഡിൽ ₹830351/- യും 320800199 ഹെഡിൽ ₹5479663/-യും മുന്നിരിപ്പിലും നീക്കിയിരിപ്പിലും കൊടുത്തിട്ടുണ്ട്. എന്നാൽ, തുകകൾ എന്താവശ്യത്തിന് ലഭിച്ചതാണെന്ന വിവരവും നിക്ഷേപ വിവരവും ചെലവ് വിവരവും ലഭ്യമല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1159 | 2317950230 | 524 | 574800578 | | 635 | 45.21 |

### പദ്ധതി ആവിഷ്കരണത്തിലും നടത്തിപ്പിലും വീഴ്ച

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ ചൂണ്ടി കാണിച്ചിരുന്നുവെങ്കിലും പദ്ധതി ആവിഷ്കരണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ വീഴ്ച 2017-18 സാമ്പത്തിക വർഷത്തിലുണ്ടായിട്ടുണ്ട്. 2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 33.35 കോടി അടങ്കലിൽ 512 പ്രോജക്ടുകൾ സ്പിൽ ഓവറും 72.67 കോടി അടങ്കലിൽ 647 പ്രോജക്ടുകൾ പുതിയതും 9.33 കോടി അടങ്കലിൽ 125 പ്രോജക്ടുകൾ ബഹുവർഷവുമാണ്. സ്പിൽ ഓവറിൽ 352 പ്രോജക്ടുകളിലായി 14.98കോടി രൂപ ചെലവഴിച്ചപ്പോൾ (44.91 ശതമാനം) പുതിയവയിൽ 143 പ്രോജക്ടുകളിലായി 22.43 കോടി രൂപയും (30.87 ശതമാനം) ബഹുവർഷ പ്രോജക്ടുകളിൽ 29 പ്രോജക്ടുകളിലായി 1.69 കോടി രൂപയുമാണ് (18.12 ശതമാനം) ചെലവഴിച്ചിട്ടുള്ളത്. 2017-18 ൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 45.21 ശതമാനം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 2017-18 ലഭിച്ച ബജറ്റ് അലോക്കേഷനിൽ ഭൂരിഭാഗം തുകയും സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച് അധിക അലോട്ട്മെന്റ് നേടിയെടുക്കുന്നതിന് ശ്രമിച്ചിട്ടില്ല. ആകെ അടങ്കലിന്റെ 24.80 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നത് പദ്ധതി ആസൂത്രണത്തിലെ ദീർഘവീക്ഷണമില്ലായ്മയുമാണ്.

### പദ്ധതി ആസൂത്രണം

പ്രാദേശിക വികസനവും ജനങ്ങളുടെ ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതി കാലയളവായ 2017-18 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആസൂത്രണ പ്രക്രിയയിലെ പ്രധാന ഘടകങ്ങൾ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച 09.01.2017-ലെ സ.ഉ(സാധാ.)10/2017/ത.സ്വ.ഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### ആസൂത്രണ സമിതി രൂപീകരിച്ചില്ല

പ്രാദേശിക വികസനത്തിൽ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിക്കുകയും അവരുടെ സഹകരണത്തോടും പങ്കാളിത്തത്തോടു കൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുമാണ് പതിമൂന്നാം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത് എല്ലാ പൗരന്മാരുടേയും തുടർച്ചയായ താല്പര്യവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ആസൂത്രണ സമിതി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക, ആസൂത്രണ പ്രക്രിയയിൽ ജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുക എന്നീ ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിനായി ജനപ്രതിനിധികളും വിദഗ്ധരും അംഗങ്ങളായുള്ള ഒരു ആസൂത്രണ സമിതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2017 ജനവരി 16ന് മുമ്പ് രൂപീകരിക്കേണ്ടിയിരുന്നതാണ്. 12 അംഗങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത സമിതിയുടെ അദ്ധ്യക്ഷൻ സ്ഥാപനത്തിന്റെ പ്രസിഡന്റും, കൺവീനർ സ്ഥാപനത്തിലെ സെക്രട്ടറിയുമായിരിക്കും. എന്നാൽ അപ്രകാരം ഒരു സമിതി ഇടുക്കി ജില്ലാ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

പദ്ധതി ആസൂത്രണം സംബന്ധിച്ച് 29.03.2017ൽ പുറപ്പെടുവിച്ച സ.ഉ(സാധാ.72/2017/ത.സ്വ.ഭ.വ.യിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1) വർക്കിംഗ് ഗ്രൂപ്പുകൾ ഉത്തരവാദിത്വം നിറവേറ്റുന്നില്ല

പദ്ധതികൾ തയ്യാറാക്കുന്നതിന് നേതൃത്വം വഹിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. ഓരോ വിഷയമേഖലയിലേയും പദ്ധതികൾ തയ്യാറാക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ തെരഞ്ഞെടുപ്പ്, പ്രവർത്തനം എന്നിവ സംബന്ധിച്ച് രേഖകൾ പൂർണ്ണമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ നിശ്ചയിച്ചുകൊണ്ടുള്ള ഫോറം നം.2 പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. പതിനാല് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. മിനട്സ് ബുക്കിൽ നിന്നും ഇവയുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. പല യോഗങ്ങളുടെ മിനട്സിലും പങ്കെടുത്തവരുടെ ഹാജർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഏറ്റെടുക്കേണ്ട പ്രവർത്തികളെ സംബന്ധിച്ച് ചർച്ചകളോ ഫലപ്രദമായ നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഉയർന്ന് വരുന്നില്ല.

## 2) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും തെറ്റായ വസ്തുതകൾ രേഖപ്പെടുത്തിയും പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു.

സ്വകാര്യ വ്യക്തികളുടെയോ, ട്രസ്റ്റുകളുടെയോ കൈവശമിരിക്കുന്ന ഭൂമി ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി കാണിച്ച് കെട്ടിടനിർമ്മാണം അടക്കെ വൻതുക അടങ്കൽ വരുന്ന പദ്ധതികൾ ഏറ്റെടുക്കുന്ന പ്രവണത നടപ്പു വർഷവും ആവർത്തിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ, സ്വകാര്യ വ്യക്തികൾ നടത്തുന്ന ധർമ്മ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിന് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനായി സ്പിൽ ഓവർ അടക്കം പദ്ധതികൾ തൻവർഷം അംഗീകാരം നേടിയിരുന്നു. പദ്ധതി രൂപീകരണത്തിനുള്ള ഫോം നമ്പർ 3ൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് പദ്ധതി സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിരിക്കുന്നത്.

## 3) മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും പദ്ധതികൾ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പാലിച്ചിട്ടില്ല.

പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ ചെയ്യണമെന്ന മാർഗ്ഗരേഖയിലെ നിർദേശം പാലിച്ചിട്ടില്ല. പദ്ധതി പുരോഗതി വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും എല്ലാ മാസവും വിലയിരുത്തി പ്രോജക്റ്റുകൾ നടപ്പാക്കുന്നത് ത്വരിതപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പുരോഗതി കുറവാണ്. പ്രോജക്റ്റുകൾ സമയബന്ധിതമായും സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിലും നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ആവിഷ്കരണ നിർവ്വഹണ ഘട്ടങ്ങൾ പാലിക്കാതെ പദ്ധതി ഏറ്റെടുത്തതിനാൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽതന്നെ 24.8% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 65 | 26 | 40 | 1000321071 | 84888605 | 8.49 |
| ഡെപ്യൂട്ടി ഡയറക്ടർ-കൃഷി | 2 | 1 | 50 | 7590156 | 1795217 | 23.65 |
| ഡെപ്യൂട്ടി ഡയറക്ടർ-മൃഗസംരക്ഷണം | 3 | 1 | 33.33 | 18600000 | 1102920 | 5.93 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ-കൃഷി | 3 | 3 | 100 | 12711111 | 8896612 | 69.99 |
| ഡെപ്യൂട്ടി ഡയറക്ടർ-പൊതുവിദ്യാഭ്യാസം | 5 | 4 | 80 | 8700000 | 5371967 | 61.75 |
| പ്രോജക്റ്റ് ഡയറക്ടർ-കുടുംബശ്രീ | 1 | 0 | 0 | 6000000 | 0 | 0 |
| ഡെപ്യൂട്ടി ഡയറക്ടർ-ക്ഷീരവികസനം | 2 | 2 | 100 | 31000000 | 31000000 | 100 |
| ജില്ല സാമൂഹ്യക്ഷേമ ഓഫീസർ | 6 | 6 | 100 | 18322000 | 5343050 | 29.16 |
| മെഡിക്കൽ ഓഫീസർ-അലോപ്പതി | 1 | 0 | 0 | 1500000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 100 | 3500000 | 3500000 | 100 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 464 | 334 | 71.98 | 592525398 | 297404068 | 50.19 |
| പ്രോജക്ട് ഡയറക്ടർ-ദാരിദ്ര്യ ലഘൂകരണം | 7 | 7 | 100 | 36957875 | 36922042 | 99.9 |
| സൂപ്രണ്ട്-ജില്ല കൃഷി ഫാം | 3 | 1 | 33.33 | 1500000 | 133663 | 8.91 |
| സൂപ്രണ്ട്-ജില്ല ആശുപത്രി | 5 | 5 | 100 | 4500000 | 2144716 | 47.66 |
| സൂപ്രണ്ട്-ജില്ല ആയുർവേദ ആശുപത്രി | 2 | 2 | 100 | 4500000 | 4500000 | 100 |
| സൂപ്രണ്ട്-ജില്ല ഹോമിയോ ആശുപത്രി | 1 | 1 | 100 | 1000000 | 1000000 | 100 |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ | 587 | 129 | 21.98 | 568722619 | 90797718 | 15.97 |
| ആകെ | 1159 | 524 | 45.21 | 2317950230 | 574800578 | 24.8 |

പൊതുവിഭാഗത്തിൽ 207.17 കോടിയുടെ 1002 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 464 (46.30 ശതമാനം) പ്രോജക്ടുകളിലായി 48.90 കോടി രൂപ ചെലവഴിച്ചു (23.60 ശതമാനം). പട്ടികജാതി വിഭാഗത്തിൽ 18.06 കോടിയുടെ 108 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 6.57 കോടിയുടെ 49 പ്രോജക്ടുകളും 2017-18 വർഷം ആവിഷ്കരിച്ചതിൽ യഥാക്രമം 43 പ്രോജക്ടുകളിലായി (39.81 ശതമാനം) 6.62 കോടിയും (36.63 ശതമാനം) 17 പ്രോജക്ടുകളിലായി (34.69 ശതമാനം) 1.96 കോടിയുമാണ് (29.90 ശതമാനം) ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച പ്രോദക്ടുകളിൽ ഭൂരിഭാഗവും നടപ്പാക്കിയിട്ടില്ല. വിവിധ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 82 | 18 | 21.95 | 955737384 | 52294027 | 5.47 |
| സേവനം | 401 | 157 | 39.15 | 649113291 | 237798404 | 36.63 |
| പശ്ചാത്തലം | 676 | 349 | 51.63 | 713099555 | 284708147 | 39.93 |

2017-18 വാർഷിക പദ്ധതിയിലെ ശ്രദ്ധേയമായ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

* പ്രോജക്ടുകളുടെ ബാഹുല്യം കാരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കുന്നില്ല.

* ഉല്പാദന മേഖലയിൽ ആവിഷ്കരിച്ച 82 പ്രോജക്ടുകളിൽ 64 എണ്ണവും നടപ്പാക്കിയില്ല.

* പശ്ചാത്തല മേഖലയിൽ 52 ശതമാനം പ്രോജക്ടുകളും സേവന മേഖലയിൽ 39 ശതമാനം പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്.

* പുതിയ പ്രോജക്ടുകൾ 22 ശതമാനം മാത്രമാണ് നടപ്പാക്കിയത്

* പൊതുമരാമത്ത് പ്രവർത്തികളിൽ റോഡ് പ്രവർത്തികൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

* പാടശേഖരസമിതിയ്ക്ക് കൊയ്ത്തുമെതിയന്ത്രം, കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ, എസ്.എസ്.എൽ.സി എഴുതുന്ന കുട്ടികൾക്ക് സായാഹ്ന ക്ലാസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ക്ഷീരകർഷകർക്ക് പാൽ ഉല്പാദനത്തിന് ബോണസ്, എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര വിതരണം, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ, മാതൃവന്ദനം തുടങ്ങിയവയാണ് നടപ്പാക്കിയ ശ്രദ്ധേയ പദ്ധതികൾ

* സൗരോർജ്ജ പ്ലാന്റ് നിർമ്മാണം, ഉവലാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്, വാളറ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്, കുയിലിപ്പാറ സൗരോർജ്ജപാടം, മുരിക്കാശേരി മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്, കടയത്തൂർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്, തരിശുനില കൃഷി, ജില്ല വെറ്ററിനറി കേന്ദ്രത്തിന് മരുന്ന വാങ്ങൽ, തുടർ സാക്ഷരത, തെരുവ് നായ്ക്കളുടെ

നിയന്ത്രണം, ടി.ബി.രോഗികൾക്കായുള്ള പദ്ധതി, വിവിധ കുടിവെള്ള പദ്ധതികൾ, ബോയ്സ് ഫ്രണ്ട്‌ലി ടൊയ്‌ലെറ്റുകൾ, വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2019ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. നികുതി പിരവ് കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ മാസവും നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലും ആസൂത്രണത്തിലും ക്രിയത്മകമായി ഇടപെട്ടിട്ടില്ല.

ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.06.2018 | 2017-18 | 01.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2017 | 2015-16 & 2016-17 | 18.09.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ലാത്തിനാൽ ആസ്തി ബാദ്ധ്യത പത്രികയിലെ ആസ്തികളുടെ മൂല്യം വ്യക്തമല്ല

2. ആസ്തികളുടെ മൂല്യശോഷണം സംബന്ധിച്ച് പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മൂല്യശോഷണം രേഖപ്പെടുത്തിയിരിക്കുന്നത് വ്യക്തമല്ല.

3. ബി-4ഷെഡ്യൂളിൽ 320300199 ഹെഡിൽ ₹830351/-യും 320800199 ഹെഡിൽ ₹5479663/-യും മുന്നിരിപ്പിലും നീക്കിയിരിപ്പിലും കൊടുത്തിട്ടുണ്ട്. എന്നാൽ തുകകൾ എന്താവശ്യത്തിന് ലഭിച്ചതാണെന്ന വിവരവും നിക്ഷേപ വിവരവും ചെലവ് വിവരവും ലഭ്യമല്ല.

4. ആസ്തി-ബാദ്ധ്യത പത്രികയിലെ സ്ഥിര നിക്ഷേപത്തിലെ തുകകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഭാഗം-2

# വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

-പ്രത്യേക പരാമർശമില്ല-

ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രായോഗികത പരിഗണിക്കാതെ പദ്ധതി ആസൂത്രണം ചെയ്യുന്നതിനാൽ നിരവധി പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വരുന്നു.പ്രതിവർഷം 75കോടിയിലധികം രൂപ പാഴാകുന്നു

ജില്ലാപഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി ഓരോ വർഷവും ആയിരത്തോളം പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നു. ഇവയിൽ ഭൂരിപക്ഷവും മരാമത്ത് പ്രവൃത്തികളാണ്. പ്രായോഗികതയ്ക്കുപരി ഡിവിഷനടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഇത്തരം പ്രോജക്ടുകൾ നിർവഹണഘട്ടത്തിലേക്കെത്തുമ്പോൾ പലപ്പോഴും നടപ്പാക്കാനാവാതെ ഉപേക്ഷിക്കേണ്ടിവരുന്നു. കഴിഞ്ഞ ഏഴ് വർഷങ്ങളിലെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ആസൂത്രണം ചെയ്തവ | | | നടപ്പാക്കിയവ | | | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | ഉപേക്ഷിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ | | |
| 2012-13 | 519 | 342 | 861 | 137 | 156 | 293 | 34 | 568 |
| 2013-14 | 561 | 451 | 1012 | 156 | 221 | 377 | 37 | 635 |
| 2014-15 | 632 | 421 | 1053 | 302 | 232 | 534 | 50 | 519 |
| 2015-16 | 556 | 383 | 939 | 143 | 124 | 267 | 28 | 672 |
| 2016-17 | 375 | 646 | 1021 | 18 | 322 | 340 | 33 | 681 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2017-18 | 588 | 462 | 1050 | 112 | 330 | 442 | 608 | 57 |
| 2018-19 | 558 | 350 | 908 | നിർവഹണം പുരോഗമിക്കുന്നു | | | | |

കഴിഞ്ഞ ആറു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഒരിക്കൽപോലും പദ്ധതി നിർവ്വഹണ പുരോഗതി അൻപതു ശതമാനത്തിലധികം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് കാണാവുന്നതാണ്. ഓരോവർഷത്തെയും നടപ്പാക്കാത്ത പ്രോജക്ടുകളിൽ പലതും തുടർന്നുള്ള വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താതെ ഉപേക്ഷിക്കുന്നതും പട്ടികയിലെ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്.

പ്രായോഗികതയില്ലാത്ത പ്രോജക്ടുകൾക്ക് ഗണ്യമായ തുക വകയിരുത്തി പാഴാക്കിക്കളയുന്നതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | വകയിരുത്തിയ തുക ₹ |
|---|---|---|
| 158/19 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്-എസ്.എൻ.ഡി.പി.പടി-പെരിയാർവാലി റോഡ് ടാറിംഗ് | 999910 |
| 222/19 | ശാന്തമ്പാറ ഗ്രാമപഞ്ചായത്ത്-കുപ്പശ്ശേരി കണ്ണമംഗലം റോഡ് | 999150 |
| 353/19 | രാജാക്കാട് ഗ്രാമപഞ്ചായത്ത്-ഉണ്ടമല തത്തംപിള്ളി റോഡ് | 499454 |
| 1076/19 | ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത്-കൈലാസം ജലസേചന പദ്ധതി | 999915 |
| 1106/19 | അടിമാലി ഗ്രാമപഞ്ചായത്ത്- 6-ാം മൈൽ കമ്പിലൈൻ ജലസേചന പദ്ധതി | 944957 |
| 1256/19 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്- വെള്ളക്കയം സെറ്റിൽമെന്റ് ജലസേചനപദ്ധതി | 921721 |
| 898/19 | പാമ്പാടുംപാറ ഗ്രാമപ്ചായത്ത്- ഗണപതിപാലം-അന്യാർതുള്ളു എസ്.സി.കോളനി റോഡ് | 499904 |

കരാറെടുക്കാൻ ആളില്ലാത്തതിനാൽ ഏകദേശം ഒരു കോടി രൂപ വകയിരുത്തപ്പെട്ട പ്രവൃത്തികൾ ഉപേക്ഷിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെന്ന വിവരമാണ് അധികൃതരിൽനിന്ന് ലഭിച്ചത്.

ധനകാര്യ വകുപ്പിന്റെ 21.3.2015-ലെ ജി.ഒ (പി) 119/2015 നമ്പരായി പുറപ്പെടുവിച്ച പുതുക്കിയ ബിൽ സമ്പ്രദായമനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള തുകയും അതാതു വർഷത്തെ അലോട്ട്മെന്റിനൊപ്പം ലഭിക്കുമെങ്കിലും തൻവർഷത്തെ അലോട്ടുമെന്റ് തുക 100% ചെലവഴിച്ചാൽ മാത്രമാണ് പ്രസ്തുത തുകയ്ക്കുള്ള യഥാർത്ഥ ചെലവനുവാദം ( അലോട്ട്മെന്റ് ) ലഭിക്കുക. ജില്ലാപഞ്ചായത്ത് അതാതു വർഷത്തെ അലോട്ട്മെന്റ് തുകയുടെ അൻപതു ശതമാനം പോലും വിനിയോഗിക്കാത്തതിനാൽ ഫലത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള തുക പാഴാവുകയാണ്. വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് എന്നീയിനങ്ങളിലായി ജില്ലാ പഞ്ചായത്തിന് ഓരോ വർഷവും 150 കോടിയോളം രൂപ സർക്കാരിൽനിന്ന് ലഭിക്കുന്നുണ്ട്. പ്രായോഗികതയില്ലാത്ത പ്രോജക്ടുകൾക്കു വേണ്ടി വകയിരുത്തിയ തുകകളുടെ കണക്കുകളെടുത്താൽ ശരാശരി 75 കോടി രൂപ ഓരോ വർഷവും ജില്ലാ പഞ്ചായത്ത് വിനിയോഗിക്കാതെ പാഴാക്കിക്കളയുകയാണ്.

ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമാണ്. ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയാണ് പദ്ധതി നിർവ്വഹണം സാധ്യമാക്കുന്നത്. ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ നിലവിലുള്ള ഉദ്യോഗസ്ഥ ഘടന ചുവടെ ചേർക്കുന്നു.

| തസ്തിക | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലുള്ള തസ്തിക | നിലവിലുള്ള ഒഴിവ് |
|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01 | 01 | 0 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01 | 01 | 0 |
| ഡിവിഷണൽ അക്കൗണ്ടന്റ് | 01 | 01 | 01 |
| ഹെഡ് ഡ്രാഫ്റ്റ്മാൻ | 01 | 01 | 0 |
| ജൂനിയർ സൂപ്രണ്ട് | 01 | 01 | 0 |
| ഡ്രാഫ്റ്റ്മാൻ (ഫസ്റ്റ് ഗ്രേഡ്) | 03 | 03 | 0 |
| ഡ്രാഫ്റ്റ്മാൻ (സെക്കന്റ് ഗ്രേഡ്) | 01 | 01 | 0 |
| ക്ലാർക്ക്/സീനിയർ | 04 | 04 | ഒരാൾ |

| | | | |
|---|---|---|---|
| ക്ലാർക്ക് | | | ശൂന്യവേതനാവധിയിൽ |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 01 | 01 | 0 |
| ഓഫീസ് അറ്റൻഡന്റ് | 03 | 03 | 0 |
| ഡ്രൈവർ | 01 | 01 | 0 |
| പാർട് ടൈം സ്വീപ്പർ | 01 | 01 | 0 |

ജില്ലയിലെ വിവിധ ഡിവിഷനുകളിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന, സാങ്കേതികാനുമതി നൽകൽ, നിർവ്വഹണരീതിക്കനുസൃതമായ ടെണ്ടർ നടപടികൾ സ്വീകരിക്കൽ, കരാർ ചമയ്ക്കൽ, പൊതുവായ മേൽനോട്ടം, ഏകോപനം, ബിൽ തയ്യാറാക്കൽ, മോണിറ്ററിങ്ങ്, ഒബ്സർവഡ് ഡേറ്റ തയ്യാറാക്കൽ തുടങ്ങിയ നേരിട്ടുള്ള ചുമതലകളാണ് ജില്ലാപഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ റോഡ്, കെട്ടിട ആസ്തികളുടെ പരിപാലനം, ആസ്തി രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, പുതുക്കൽ തുടങ്ങിയവയും എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിക്ഷിപ്തമായ ചുമതലകളാണ്. വിവിധ സെക്ഷനുകളുടെ ചുമതല ബ്ലോക്ക് അടിസ്ഥാനത്തിലാണ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. ഒരു ക്ലാർക്ക്, ഒരു ഓവർസീയർ എന്നിവർക്ക് ശരാശരി 3 ബ്ലോക്ക് ഡിവിഷനിലെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട മേൽസൂചിപ്പിച്ച ചുമതലകൾ നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. ഓരോ വർഷത്തേയും പദ്ധതിയിൽ ഉൾപ്പെടുന്ന ആയിരത്തിലേറെ മരാമത്ത് പ്രോജക്ടുകൾ, എം എൽ എ/എംപി മാരുടെ പ്രാദേശിക വികസന/ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുന്ന അനേകം പ്രോജക്ടുകൾ, ലോകബാങ്ക് ധനസഹായത്തോടെ നിർവ്വഹിക്കപ്പെടുന്ന തദ്ദേശമിത്രം പ്രോജക്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് നിലവിൽ മതിയായ ജീവനക്കാരുടെ അഭാവം മൂലം സാധിക്കുന്നില്ല.

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിച്ചെലവിന്റെ സിംഹഭാഗവും മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിക്കുന്നതിനാൽ ഇത്തരം ചെലവുകളുടെ ഗുണമേന്മയും ഭൗതിക നേട്ടവും വിലയിരുത്തേണ്ടത് അനിവാര്യമാണ്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിട/ഇതര ആസ്തികളുടെ സമഗ്രമായ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി ആവശ്യമായ പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമായി പുതുക്കുന്നതിനും പ്രാധാന്യം നൽകേണ്ടതുണ്ട്. മാത്രമല്ല ഓരോ വർഷത്തേയും പദ്ധതി രൂപീകരണത്തിന് മുമ്പായും പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന് മുമ്പും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമുണ്ട്. എന്നാൽ ജീവനക്കാരുടെ അഭാവവും മറ്റുമേഖലകളിൽനിന്നുള്ള സമ്മർദ്ദവും മൂലം സ്ഥിര സ്വഭാവമുള്ള പ്രോജക്ടുകൾ എല്ലാ വർഷവും ഏറ്റെടുക്കുന്നതും അവയിൽ പാതിയിലധികവും ഉപേക്ഷിക്കുന്ന പ്രവണതയും കൂടി വരികയാണ്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിലെ നിരക്കുകളുടെ, പ്രത്യേകിച്ചും ഒബസേർവ്ഡ് ഡാറ്റയുടെ, കൃത്യത പരിശോധിക്കൽ, പ്രവൃത്തിയുടെ സാങ്കേതികക്ഷമത പരിശോധിക്കൽ, ഒരു മരാമത്ത് പ്രവൃത്തിയുടെ (സംയുക്ത പ്രോജക്ടുകൾ) വിവിധ തലങ്ങളിൽ ഏറ്റെടുത്തതും ഇനി ഏറ്റെടുക്കാനുള്ളതുമായ ഇനങ്ങളുടെ വിവരം റിപ്പോർട്ട് ചെയ്യൽ, ആകെ മൂലധനച്ചെലവ് നിർണ്ണയിക്കൽ, ഭൗതികനേട്ടം വിലയിരുത്തൽ തുടങ്ങിയ അതിപ്രധാനപ്രക്രിയകളും ഫലപ്രദമായി നടപ്പിലാകുന്നില്ലായെന്ന് വ്യക്തമായിട്ടുണ്ട്.

ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുക, പ്രായോഗികതയുള്ളവ മാത്രം നിലനിർത്തുക, ഡിവിഷൻ അടിസ്ഥാനത്തിൽ ചെറിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് നിയന്ത്രിക്കുക, വകയിരുത്തുന്ന തുക പൂർണമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക, നിർവ്വഹണ പുരോഗതി/കാര്യക്ഷമമായ പ്രോജക്ട് പൂർത്തീകരണം സമഗ്രമായി വിലയിരുത്തുക, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ശരിയായ വിനിയോഗം സാധ്യമാക്കി പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുക തുടങ്ങിയ വിഷയങ്ങളിൽ കർശനമായ നിഷ്ഠ പുലർത്തി പദ്ധതി തുക പാഴാക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 3-2 ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി മാർഗരേഖ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ

I. പതിമൂന്നാം പഞ്ചവത്സര പദ്ധതി ആസൂത്രണത്തിനും സബ്സിഡി അനുബന്ധവിഷയങ്ങൾ നിയന്ത്രിക്കുന്നതിനുമായി തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.2017-ലെ ജി.ഒ(എംഎസ്) നം.72/2017, 03.04.2017-ലെ ജി.ഒ(എംഎസ്) നം.80/2017 എന്നീ ഉത്തരവുകൾ പ്രകാരം മാർഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ലംഘിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന മുൻകാല രീതികൾ തൻവർഷവും ആവർത്തിച്ചു. ഇത്തരത്തിൽ തൻവർഷം നടപ്പാക്കിയ രണ്ടു പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എസ് 1242/18 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് വാർഡ്-2 മുരിക്കാശ്ശേരി ക്ഷീരവിജ്ഞാനകേന്ദ്രം നിർമാണം.

ആകെ ചെലവ് :-1197845/-രൂപ (2017-18=ബിൽ തുക 817930/-ബിൽ നം.3/17-18 തീ.8.1.2018,

2018-19=ബിൽ തുക 379915/-ബിൽ വിവരങ്ങൾ ലഭ്യമായിട്ടില്ല)

ബി) എസ് 876/18 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് രാജമുടി ക്ഷീരവിജ്ഞാന വിപണനകേന്ദ്രം നിർമാണം.

ആകെ ചെലവ് :- 1376408/-രൂപ ബിൽ നം.285/17-18 തീ.31.3.2018

പ്രസ്തുത പ്രോജക്ടുകളുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

<u>1. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ധനസഹായം അനുവദിച്ചു.</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ 03.04.2017-ലെ ജി.ഒ(എംഎസ്) നം.80/2017 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 9.10.4അനുസരിച്ച് ക്ഷീരസംഘങ്ങൾക്ക് പാൽ ശേഖരണ മുറികളുടെ നിർമാണത്തിന് ചെലവുതുകയുടെ 25% തുക -പരമാവധി ഒരു ലക്ഷം രൂപ ധനസഹായമായി അനുവദിക്കാവുന്നതാണ്. എന്നാൽ കെട്ടിടം പണിയുന്നതിനാവശ്യമായ മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽനിന്ന് വകയിരുത്തി സംഘങ്ങൾക്ക് പുതിയ കെട്ടിടം നിർമിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. ഇത്തരത്തിൽ മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകൾക്ക് സർക്കാർ സാധൂകരണത്തിന് ജില്ലാ പഞ്ചായത്ത് ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും അത് അനുവദിക്കപ്പെട്ടില്ലെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2.ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് കെട്ടിടനിർമാണം നടത്തി

പൊതു ആവശ്യങ്ങൾ മുൻനിർത്തി വസ്തു ഉഭയസമ്മതപ്രകാരം ആർജിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം(5)-ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇതനുസരിച്ച് ചട്ടങ്ങളുടെ അനുബന്ധമായി നൽകിയുള്ള ഫോറത്തിൽ ആധാരം ചമച്ച് നിയമാനുസൃതം വസ്തു കൈവശമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചശേഷമാണ് നിർമാണപ്രക്രിയകളിലേക്ക് കടക്കേണ്ടത്. ജില്ലാപഞ്ചായത്ത് ഗണ്യമായ തുക വിനിയോഗിച്ച് കെട്ടിടനിർമാണങ്ങൾ നടത്തിയെങ്കിലും അതിന്റെ ഉടമസ്ഥാവകാശം നാളിതുവരെ യഥാവിധി സ്ഥാപിച്ച് കിട്ടിയിട്ടില്ല. മുരിക്കാശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം തങ്ങളുടെ കൈവശമുള്ള വാത്തിക്കുടി വില്ലേജ് സർവേ നമ്പർ 1/1-52-3-ൽപ്പെട്ട 2.5 സെന്റ് വസ്തു കൈയ്യൊഴിയുന്നതിനുള്ള ഫോം ജില്ലാപഞ്ചായത്തിനു സമർപ്പിച്ചിട്ടുണ്ട്. എന്നാൽ രാജമുടി ക്ഷീരോത്പാദക സംഘം സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുനൽകാൻ തീരുമാനമെടുത്തതല്ലാതെ തുടർനടപടികളെന്തെങ്കിലും സ്വീകരിച്ചതായി രേഖയില്ല. നിയമപരമായ ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് നി□ർാണപ്രവൃത്തികൾ നടത്തിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

മേൽവിവരിച്ച അപാകതകൾ നിൽക്കുന്നതിനാൽ ടി പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം ചെലവഴിച്ച ₹2194338/-(817930 + 1376408) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II. സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ, ക്ഷാര സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കെട്ടിടം നിർമ്മിച്ചുനൽകുന്ന വളരെയധികം പദ്ധതികൾ ജില്ലാ പഞ്ചായത്ത് തയ്യാറാക്കുകയും പല പദ്ധതികളും ഓഡിറ്റ് കാലയളവിൽ പൂർത്തീകരിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കെട്ടിടം പണിയുന്നതിനുള്ള പദ്ധതി മാത്രമാണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാൻ പാടുള്ളൂ. പൊതുപണവും, എഞ്ചിനിയറിംഗ് വിഭാഗമുൾപ്പെടെയുള്ള ജീവനക്കാരുടെ സേവനവും വിനിയോഗിച്ച് സ്വകാര്യ വ്യക്തികൾക്കോ, സംഘങ്ങൽക്കോ കെട്ടിടം നിർമ്മിച്ചുകൊടുക്കുന്നത് പഞ്ചായത്ത് രാജ് ആക്ട്, പദ്ധതി മാർഗ്ഗരേഖ എന്നിവയ്ക്ക് വിരുദ്ധമാണ്. ഇപ്രകാരം നിയമാനുസൃതമല്ലാതെ നടത്തിയ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

## I)ചെങ്കുളം മേഴ്സിഹോം പകൽപ്പുര നിർമ്മാണം- പദ്ധതി നം.898/18

ഇരുപത്തഞ്ച് ലക്ഷം അടങ്കലുള്ള പദ്ധതിക്ക് ബിൽ നം.248/തീ.06.12.2017 പ്രകാരം ₹22,36,437/- ചെലവഴിച്ചിട്ടുണ്ട്. മേഴ്സി ഹോം എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കോമ്പൗണ്ടുള്ള സ്ഥലത്താണ് നിർമ്മാണം നടത്തിയിട്ടുള്ളത്. പഞ്ചായത്തിന് സ്ഥലം വിട്ട് നൽകി, ജില്ലാ പഞ്ചായത്തിന്റെ ആസ്തിയാക്കിയ ശേഷമാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്ന് സ്ഥാപിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ സ്ഥലം ആധാരം ചെയ്ത് നൽകിയ ശേഷമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഒരു കെട്ടിടം പണി കഴിപ്പിച്ചശേഷവും അത് മേഴ്സി ഹോം ഉടമ എന്ന പേരിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധർമ്മ സ്ഥാപനത്തിലെ അന്തേവാസികളെ പാർപ്പിക്കുന്നതിന് വേണ്ടി മാത്രമാണ് സ്ഥലം വിട്ടു നൽകുന്നതെന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമത്തെ മറികടക്കുക എന്നത് മാത്രമാണ് ഇത്തരം ഒരു നടപടിക്രമം ചെയ്യാൻ കാരണമായിട്ടുള്ളത്. ഒരു ധർമ്മ സ്ഥാപനം നടത്തിക്കൊണ്ടുപോകുവാനുള്ള സംവിധാനം ജില്ലാ പഞ്ചായത്തിന് ഇല്ലാതിരിക്കെയാണ് ഇത്തരം സ്ഥാപനത്തിനായി കെട്ടിട നിർമ്മാണം നടത്തിയത്. ഈ കെട്ടിടങ്ങളുടെ രേഖകൾ പ്രകാരമുള്ള ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിനാണെങ്കിലും യാതൊരു വിധത്തിലുള്ള കരാറിലും ഏർപ്പെടാതെയാണ് കെട്ടിടങ്ങളുടെ പ്രവർത്തനത്തിനുള്ള അവകാശം മേഴ്സിഹോമിന് നൽകിയിരിക്കുന്നത്.

## 2)വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്-ചെങ്കുളം വനിതാ ഷെൽട്ടർ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 706/14-15 |
| അടങ്കൽ | ₹1500000/- |
| കരാറുകാരൻ | ജോണി യോഹന്നാൻ ₹2499058 |
| ബിൽ നം. | 288/EE/28.02.18, ₹1454124/- |
| അളവ് ബുക്ക് നം. | 208/16, 209/16 |

മേൽ പദ്ധതി നടപ്പാക്കുന്നതിനായി 2016 ഒക്ടോബർ 17ന് ചെങ്കളം മേഴ്സി ഹോമിന്റെ പ്രസിഡന്റ് ശ്രീ.ജോസഫ് എം.എം, സെക്രട്ടറി മാതൃ മാനുവൽ എന്നിവർ ചേർന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 16 ആർ 19 ച.മീ.സ്ഥലം ദാനാധാര പ്രകാരം രജിസ്റ്റർ ചെയ്ത് നൽകിയിരിക്കുന്നു. പ്രസ്തുത സ്ഥലത്ത് ജില്ലാ പഞ്ചായത്ത് ഇതേ സ്ഥാപനത്തിന്റെ മറ്റ് കെട്ടിടങ്ങളോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന കെട്ടിടം ജില്ലാപഞ്ചായത്തിന് യാതൊരു ഉപയോഗവും ഉള്ള ഒന്നല്ല. നിർമ്മിച്ച് നൽകിയ കെട്ടിടം യാതൊരു വ്യവസ്ഥയും കരാറ് വയ്ക്കാതെ വാടകരഹിതമായി ഇതേ സ്ഥാപനത്തിന് തന്നെ നൽകിയിരിക്കുന്നു. ഫലത്തിൽ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി നടത്തിയ ഒരു ചെറിയ ക്രമീകരണം മാത്രമാണ് സ്ഥലം ജില്ലാപഞ്ചായത്തിന് നൽകിയത്. പ്രസ്തുത കെട്ടിടം മേഴ്സി ഹോം,ചെങ്കുളത്തിന്റെ കോമ്പൗണ്ടിൽ തന്നെയാണ് എന്നതിനാൽ തന്നെ മറ്റ് യാതൊരു തരത്തിലും ഈ കെട്ടിടം ജില്ലാ പഞ്ചായത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിക്കില്ല. ഇതു സംബന്ധിച്ച് 25.02.2019-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.10-ന്) മറുപടി ലഭ്യമാക്കിയില്ല എന്ന് മാത്രമല്ല, എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം അവതരിപ്പിച്ചപ്പോൾ കെട്ടിടത്തിലേയ്ക്കായി ഫർണിച്ചർ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങി മേഴ്സി ഹോമിന് നൽകുന്ന കാര്യംകൂടി പരിഗണിച്ചുവരുന്നു എന്ന് അറിയിച്ചിരിക്കുന്നു. ജില്ലാപഞ്ചായത്തിന് യാതൊരു ഉപയോഗവുമില്ലാത്ത കെട്ടിടം നിർമ്മിച്ച് സ്വകാര്യ സ്ഥാപനത്തിന് നൽകിയത് പൊതു

പണത്തിന്റെ ദുരുപയോഗമാണ്.

3) <u>അടിമാലി ഗ്രാമപഞ്ചായത്ത്-മച്ചിപ്ലാവ് കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി കെട്ടിടം നിർമ്മാണം</u>

പദ്ധതി നം.899/18 പ്രകാരം അടിമാലി ഗ്രാമപഞ്ചായത്തിൽ മച്ചിപ്ലാവ് എന്ന സ്ഥലത്ത് കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി നടത്തുന്ന സ്പെഷ്യൽ സ്കൂളിനോട് ചേർന്ന് മേൽ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതിന് ബിൽ നം.249/06.12.2017 പ്രകാരം ₹13,74,367/- ചെലവഴിച്ചിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമിയിൽ പൊതു പണം ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച നടപടി നിയമാനുസൃതമല്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിശദീകരണം ഹാജരാക്കേണ്ടതാണ്. മേൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ബെറ്റർ എഡ്യൂക്കേഷൻ-വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ തുക ചെലവഴിക്കുന്നു

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ഇടുക്കി ജില്ല പഞ്ചായത്ത് 2010 മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബെറ്റർ എഡ്യൂക്കേഷൻ പദ്ധതിയുടെ 2017-18 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിനായി (പ്രോജക്ട് നം.55) ₹7378000/- അടങ്കലിലും പട്ടികവർഗ്ഗ വിഭാഗത്തിനായി (പ്രോജക്ട് നം.74) ₹248000/- അടങ്കലിലും രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ ₹6753178/-യും പട്ടികവർഗ്ഗ വിഭാഗത്തിൽ ₹177000/-യും ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വിവിധ അൺ എയിഡഡ് സ്കൂളുകൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ധനസഹായം അനുവദിച്ചിരിക്കുന്നു. ബിൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 1) പ്രോജക്ട് നം.55/2017-18 | | | |
|---|---|---|---|
| ക്രമ നം. | ബിൽ നം. | തീയതി | തുക |
| 1 | 27/27/2017-18 | 31.10.2017 | 2987646 |
| 2 | 31/2017-18 | 17.11.2017 | 662100 |
| 3. | 46/2017-18 | 21.01.2018 | 1743750 |
| 4 | 83/2017-18 | 28.03.2018 | 1359682 |
| | | ആകെ | 6753178 |
| 2) പ്രോജക്ട് നം.74/2017-18 | | | |
| 1) | 45/2017-18 | 22.01.2018 | 149360 |
| 2) | 82/2017-18 | 28.03.2018 | 27640 |
| | | ആകെ | 1177000 |
| | | ആകെ ചെലവ് | 69301178 |

വിവിധ സ്കൂളുകൾക്കായി 2017-18ൽ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ക്കൂളിന്റെ പേര് | വിദ്യാർഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| | *പട്ടികജാതി വിഭാഗം* | | |
| 1 | സെന്റ് മേരീസ് സെൻട്രൽ സ്കൂൾ, രാജകുമാരി | 23 | 1497500.00 |
| 2 | എസ്.ഡി.എ. സ്കൂൾ, നെടുങ്കണ്ടം | 31 | 1708341.00 |
| 3 | ജയ്മാതാ പബ്ലിക്ക് സ്കൂൾ, മറയൂർ | 11 | 652960.00 |
| 4 | ശ്രീ വിദ്യാധിരാജാ വിദ്യാസദൻ, ഇടുക്കി | 14 | 750250.00 |
| 5 | സെന്റ് പയസ് റസിഡൻഷ്യൽ സ്കൂൾ, കട്ടിക്കാനം | 9 | 521395.00 |
| 6 | കാർമ്മൽ ഗിരി സി.എം.ഐ പബ്ലിക്ക് സ്കൂൾ, മൂന്നാർ | 30 | 1592132.00 |
| 7 | സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, കാന്തിപ്പാറ | 2 | 30600.00 |
| | ആകെ | | 6753178.00 |
| | *പട്ടികവർഗ്ഗ വിഭാഗം* | | |

| | | | |
|---|---|---|---|
| 1 | എസ്.ഡി.എ. സ്കൂൾ, നെടുങ്കണ്ടം | 2 | 124000.00 |
| 2 | ശ്രീ വിദ്യാധിരാജാ വിദ്യാസദൻ, ഇടുക്കി | 1 | 53000.00 |
| | | ആകെ | 177000.00 |

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

(1) പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കുന്നതിന് പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതി തുടരുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. മുൻ വർഷങ്ങളിലും ബെറ്റർ എഡ്യൂക്കേഷൻ പദ്ധതിയിൽ മേൽ സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. സ്കൂളുകൾ സമർപ്പിച്ച രസീതുകൾ പരിശോധിച്ചതിൽ ട്യൂഷൻ ഫീസ്, ബോർഡിംഗ് ഫീസ്, സ്പെഷ്യൽ ഫീസ്, അഡ്മിഷൻ ഫീസ്, സ്പെഷ്യൽ കോച്ചിംഗ് ഫീസ് തുടങ്ങിയയിനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭാസം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമല്ല. പദ്ധതിക്കായി മേൽ സൂചിപ്പിച്ച സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, സ്കൂളുകളിലെ ഭൗതിക സാഹചര്യം, വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഭൗതിക നേട്ടങ്ങൾ എന്നിവയൊന്നും വിശകലനവിധേയമാക്കിയിട്ടില്ല. അതാത് വകുപ്പിൽ നിന്ന് ഇതേ കുട്ടികൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന കാര്യവും വ്യക്തമല്ല. പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന് പകരം അൺ എയിഡഡ് സ്ഥാപനങ്ങൾക്ക് അവരുടെ ആവശ്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ വർഷങ്ങളായി വൻ തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

(2) തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകുന്നുവെന്ന് ജില്ലാ പഞ്ചായത്ത് ഉറപ്പുവരുത്തുന്നില്ല. സ്പെഷ്യൽ കോച്ചിംഗ് നടത്തിയതിന് വലിയ തുക സ്ഥാപനങ്ങൾ ഈടാക്കുന്നുണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(3) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നതെന്ന് പ്രോജക്റ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മേൽ വകുപ്പുകൾ എന്തു തരത്തിലുള്ള മേൽനോട്ടവും അവലോകവുമാണ് നടത്തുന്നതെന്ന് വ്യക്തമല്ല.

(4) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വ്യക്തവും സുതാര്യവുമായ മാനദണ്ഡം സ്വീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന് വ്യക്തഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് നിയന്ത്രണം ഉണ്ടെങ്കിലും ഇതു പരിഗണിച്ചിട്ടില്ല എന്ന് മാത്രമല്ല, ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൂടി പോലുമല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. ജില്ലയിലെ രണ്ട് സ്ഥലങ്ങളിലായി ഇൻർവ്യൂ മാത്രം നടത്തിയാണ് വിദ്യാർത്ഥികളെ നിലവിൽ തെരഞ്ഞെടുക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടിക്രമത്തിലെ അപാകതകൾ മെമ്പർമാർ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. 17.05.2017ൽ കൊരണ്ടക്കാട് സി.എം.ഐ സ്കൂളിൽ വെച്ച് നടന്ന ഇന്റർവ്യൂവിൽ പ്രസിഡണ്ടും സ്റ്റാന്റിംഗ് കമ്മറ്റി അദ്ധ്യക്ഷൻമാരും പങ്കെടുത്തിരുന്നില്ലായെന്നും ഒരേ സ്കൂളിൽ നിന്നും വന്ന വിദ്യാർത്ഥികൾക്കെല്ലാം എ പ്ലസ് ഗ്രേഡ് ഉണ്ടെന്നും വ്യക്തമായ മാനദണ്ഡം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ ഇല്ലെന്നും വിധവകൾ, ഭിന്നശേഷിക്കാർ, തോട്ടം തൊഴിലാളികൾ, തുടർ ചികിത്സ ആവശ്യമുള്ളവർ തുടങ്ങിയ പ്രത്യേക പരിഗണന അർഹിക്കുന്ന ആളുകളുടെ കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ലെന്നും അതിനാൽ 2017-18ലേക്കുള്ള ലിസ്റ്റ് അംഗീകരിക്കരുതെന്നുമുള്ള മൂന്ന് മെമ്പർമാരുടെ വിയോജനം മറികടന്നാണ് 30.05.2017ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം പുതിയ കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്.

(5) പദ്ധതി സംബന്ധിച്ച ഫലപ്രദമായ മോണിട്ടറിംഗ് നടക്കുന്നില്ല. 2016 മെയ് 15 ന് സ്കൂൾ അധികൃതർ ജില്ല പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ വർഷം ഒരു കുട്ടിക്ക് പരമാവധി ₹62000/- അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ളതിന്റെ മാനദണ്ഡം വ്യക്തമല്ല. കൂടാതെ, വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങളൊന്നും കരാറിലില്ല. ജില്ലാ പഞ്ചായത്ത് അഞ്ചാം ക്ലാസിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സ്കൂളുകളെ ഏൽപ്പിക്കുന്നതല്ലാതെ യാതൊരു തുടർ മോണിറ്ററിംഗും നിലവിൽ നടത്തുന്നില്ല. പദ്ധതിയിൽ തെരഞ്ഞടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മേൽ സ്കൂളുകളിൽ ചേർന്നതുമൂലം ലഭിച്ച നേട്ടം, വിദ്യാഭ്യാസ നിലവാരം ഉയർന്നതിന്റെ പുരോഗതി റിപ്പോർട്ട് എന്നിവയൊന്നും വിലയിരുത്തപ്പെടുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം, അവർ നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റികളോ പഞ്ചായത്ത് കമ്മറ്റിയോ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല. ഫലത്തിൽ പൊതുവിദ്യാഭ്യാസം പ്രോത്സാഹിക്കുന്നതിനുള്ള സർക്കാർ നയത്തിന് വിരുദ്ധമായി സ്വകാര്യ അൺ എയിഡഡ് സ്കൂളുകളെ സഹായിക്കുക എന്നത് മാത്രമാണ് പദ്ധതിമൂലം സംഭവിക്കുന്നത്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിലെ ₹6930178/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-4 പെരുമ്പിള്ളിച്ചിറ കുടിവെള്ള പദ്ധതി-നാളിതുവരെ പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 769/16 |
| അടങ്കൽ | ₹1100000/- |
| കരാറുകാരൻ | ടി എ നിസാർ |
| ബിൽ നം | 343/EE/31.03.18 ₹360904/- |
| അളവ് ബുക്ക് നം | 190/17-18 |

മേൽ പദ്ധതിയിൽ കിണർ നിർമ്മാണം, പമ്പ് ഹൗസ്, മോട്ടോർ, പൈപ്പ് ലൈൻ എന്നിവയാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ₹360904/- ചെലവഴിച്ച് കിണർ നിർമ്മാണം മാത്രമാണ് നടത്തിയിരിക്കുന്നത്. 2018-19 വർഷം ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവർ പദ്ധതി തയ്യാറാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.13/02.03.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ ഇതു സംബന്ധിച്ച ലഭിച്ച മറുപടിയിൽ കിണർ നിർമ്മാണം നടത്തിയിരുന്നു, എന്നാൽ വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്ന് അറിയിച്ചു. ജല ലഭ്യത ഉറപ്പാക്കാതെ കിണർ കുഴിച്ചതിനാൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച ₹360904/- പാഴായിപ്പോയിരിക്കുന്നു. ആയതിനാൽ ഈ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വളവനാപുരം-കൊക്കയാർ റോഡ് (832/18)-അധിക നിരക്ക് നല്കിയതോടൊപ്പം പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവും അനുവദിച്ചു

| | | |
|---|---|---|
| അടങ്കൽ | ₹1000000/- | |
| കോൺട്രാക്ടർ | അനിൽ കുമാർ എസ് | |
| കരാർ നമ്പർ | 18/T/EE/LSGD/IDK/17-18/19-04-2017 | |
| ബിൽ വിശദാംശങ്ങൾ | 361/EE/17-18/31-03-18 | 729000/- |
| എം.ബുക്ക് നമ്പർ | 43/17-18 | |
| പഞ്ചായത്ത് | കൊക്കയാർ | |

എ) അധിക നിരക്ക് നല്കി

എറ്റവും കുറഞ്ഞ നിരക്കായ ₹853850/- ക്വോട്ട് ചെയ്ത കോൺട്രാക്ടർ ശ്രീ.അനിൽ കുമാറിന് സൂചിത ഉടമ്പടി പ്രകാരം മേൽ പ്രവൃത്തി അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എം ബുക്കിൽ ആദ്യം എസ്റ്റിമേറ്റ് നിരക്കിലും പിന്നീട് (ഇനം തിരിച്ച്) ക്വോട്ട് ചെയ്ത നിരക്കിലും ഇനങ്ങൾക്ക് തുകയെഴുതിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് നിരക്കിൽ ആകെ അനുവദിച്ച തുക | (ഇനം തിരിച്ച്) ക്വോട്ട് ചെയ്ത നിരക്കിൽ ആകെ അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|
| 729000 | 623333 | 105667 |

ബി) പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചു

സൂചിത പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിച്ചിരിക്കുന്ന കാലഘട്ടം ഉടമ്പടി തീയതി (19-04-2017)മുതൽ 90 ദിവസമാണ്. തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതി 05-08-2017 ആണ്(ഉടമ്പടി വ്യവസ്ഥകൾ 6,7 കണ്ടാലും). പ്രവൃത്തി പൂർത്തിയാക്കിയ തീയതി 19-03-2018 ആയതിനാൽ 06-08-2017 പ്രാബല്യത്തിൽ ക്വോട്ട് ചെയ്ത തുകയുടെ 1%, 06-11-2017 പ്രാബല്യത്തിൽ 2%, 06-02-2018 പ്രാബല്യത്തിൽ 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതായിരുന്നു. ആകെ 5% ഈടാക്കേണ്ടിടത്ത് 1% മാത്രമാണ് ഈടാക്കിയത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക | 20% ഇളവ് അടക്കം വേല പൂർത്തിയാക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 18/T/EE/ LSGD/IDK/ 17-18/ 19-04-2017, 90 ദിവസം | 853850 | 05-08-2017 (90+18 ദിവസം) | 19-03-2018 | 42693 | 8540 | 34153 | 06-08-2017-ൽ ഈടാക്കേണ്ട പിഴ -8539 06-11-2017-ൽ ഈടാക്കേണ്ട പിഴ -17077 06-02-2018-ൽ ഈടാക്കേണ്ട പിഴ -17077 ആകെ -42693 |

അധിക നിരക്ക് അനുവദിച്ചതും പിഴ പൂർണമായി ഈടാക്കാത്തതും മൂലം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായ ₹139820/-(105667+34153) നഷ്ടം കോൺട്രാക്ടറിൽ നിന്ന് ഈടാക്കാത്തപക്ഷം പിഴവുകൂടാതെ തുക അനുവദിച്ചുനല്കുന്നതിൽ വീഴ്ച വരുത്തിയ എക്സി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 അടിമാലി ഗ്രാമപഞ്ചായത്ത് -ചില്ലിത്തോട് -ഒഴുകത്തടം എസ്.സി.കോളനി റോഡ്. സ്ഥലം വിട്ട്

നൽകിയ രേഖയില്ല.

| | |
|---|---|
| പ്രോജക്ട് നം | 977/17 |
| അടങ്കൽ | 2500000 |
| കരാറുകാരൻ | ജോണി യോഹന്നാൻ . |
| ബിൽ നം | 286/EE/27.02.18 |
| അളവ് ബുക്ക നം | 273/16-17 |

മേൽപദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതിന് ശേഷം റോഡിന്റെ സ്ഥാനം മാറ്റുകയും ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. ഇതിനായി സ്ഥലം വിട്ടുനൽകിയിരിക്കുന്നത് സംബന്ധിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലം വിട്ട് നൽകിയതിന്റെയും പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയതിന്റേയും രേഖകൾ ലഭ്യമല്ല. ആയവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.9/28.02.2019-ന്) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് കൂടി മേൽ തുക ഉപയോഗിച്ച് റോഡ് നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ ഈ ഇനത്തിലെ ₹ 2499058./ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ -ചെലവ് തടസ്സം

പദ്ധതി നമ്പർ - 412/17-18

പദ്ധതി – ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം(ജനറൽ)

ബിൽ നം – 6/17-18 തി.31-3-2018 തുക ₹1480000/-

നിർവ്വഹണം -ജില്ലാസാമൂഹ്യനീതി ഓഫീസർ

തൻവർഷം സാമൂഹ്യനീതി ഓഫീസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം എന്ന പദ്ധതിയിലൂടെ ഒരു വാഹനത്തിന് ₹74000/-നിരക്കിൽ 20 വാഹനങ്ങൾ കെൽട്രോണിൽ നിന്ന് വാങ്ങുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട് (അക്കൗണ്ട്.നം.0000005705262527, ₹1480000/-). പദ്ധതി നടത്തിപ്പിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ രേഖകൾ ഹാജരാക്കാത്തവർക്കും ഗുണഭോക്തൃ ലിസ്ററിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ഗുണഭോക്താവും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം വാഹനം കൈപ്പറ്റിയ വ്യക്തി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അസ്സലും ഒരു കോപ്പിയും ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് അസ്സലും ഒരു കോപ്പിയും ആനുകൂല്യം കൈപ്പറ്റി 45 ദിവസത്തിനകം നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ അപ്രകാരം ചെയ്തിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | പരാമർശം |
|---|---|---|
| 1 | ജോബി ജോസഫ് , പാലക്കുന്നേൽ, മണക്കാട് ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ്,ലേണേഴ്സ് , വാഹനരജിസ്ട്രേഷൻ ഇവ ഹാജരാക്കിയിട്ടില്ല. |
| 2 | അമ്മു രാജൻ ,കരിപ്പുറത്ത്, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ് വാഹനരജിസ്ട്രേഷൻ ഇവ ഹാജരാക്കിയിട്ടില്ല. |
| 3 | ബിന്ദു രാജൻ കമ്മട്ടിപ്പറമ്പിൽ, മാങ്കുളംഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ്ഹാജരാക്കിയിട്ടില്ല. |
| 4 | അവറാച്ചൻ, കൊല്ലംപറമ്പിൽ കൊന്നത്തടി ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ് വാഹനരജിസ്ട്രേഷൻ ഇവ ഹാജരാക്കിയിട്ടില്ല |
| 5 | കെ.ജിഉത്തമൻ, കൊച്ചു തുണ്ടിൽ, ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ് വാഹനരജിസ്ട്രേഷൻ വരുമാനസർട്ടിഫിക്കററ് ഇവ ഹാജരാക്കിയിട്ടില്ല |
| 6 | ബാബു.ജെ , ആലിമററത്തിൽ, ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ്,വാഹനരജിസ്ട്രേഷൻ ഇവ ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ല. |
| 7 | ററി.എസ് അബ്ദുൾകരീം, തടത്തിപ്പറമ്പിൽ ,ആലക്കോട് ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ് വാഹനരജിസ്ട്രേഷൻ ഇവ ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽടിയാൻ ഉൾപ്പെട്ടിട്ടില്ല. |
| 8 | ബിജു പി.വി,പാലത്തിങ്കൽ, മുട്ടംഗ്രാമപഞ്ചായത്ത് | ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ അംഗവൈകല്യത്തിന്റെ ശതമാനം രേഖപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| 9 | ചാക്കോ ഉലഹന്നാൻ പാലമൂട്ടിൽ മാങ്കുളം ഗ്രാമപഞ്ചായത്ത് | ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയില്ല |
| 10 | സുദർശൻ, കിഴക്കേൽ കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | വരുമാന സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഹാജരാക്കിയില്ല |

പദ്ധതി നടത്തിപ്പ് നിയമാനുസൃതം ആയിരിക്കേണ്ടതും തുടർമോണിറ്ററിംഗ് കാര്യക്ഷമമായിരിക്കേണ്ടതുമാണ്. ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത 2 പേർക്കും മതിയായ രേഖകളില്ലാതെ 8 പേർക്കും വാഹനം വിതരണം നടത്തിയതിനാൽ ചെലവ് ₹740000/- തടസ്സപ്പെടുത്തുന്നു.

## 3-8 പ്രോജക്ട് നിർവഹണത്തിനിടെയുള്ള എസ്റ്റിമേറ്റ് റിവിഷൻ തുടരുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം14(5) അനുസരിച്ച്, ഒരു മരാമത്ത് പ്രവൃത്തി എസ്റ്റിമേറ്റ് അനുസരിച്ച് നടത്തി വരവെ , മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന ഇനമോ കൂടുതലായി ചെയ്യേണ്ടി വരുന്ന ഇനമോ ഉണ്ടാകുന്ന പക്ഷം, ആവശ്യമായ സാക്ഷ്യപ്പെടുത്തൽ സഹിതം ഒറിജിനൽ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കാൻ സ്വീകരിച്ച എല്ലാ നടപടിക്രമങ്ങളും പാലിച്ച്, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ഇത്തരം നടപടികൾ ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ മാത്രം അനുവർത്തിക്കേണ്ടവയാണെങ്കിലും ജില്ലാപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത 90% പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് നിർവഹണവേളയിൽ പുതുക്കിയിട്ടുണ്ട്. സൈറ്റുകളുടെ ഭൗതിക സാഹചര്യം നേരിട്ടു പരിശോധിക്കാതെ വകയിരുത്തുന്ന തുകയിൽ പരിമിതപ്പെടുന്ന രീതിയിൽ ഇനങ്ങൾ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് പ്രസ്തുത അപാകതയ്ക്ക് മുഖ്യകാരണം. കരാറുകാരൻ ഇനംതിരിച്ച് പ്രതിഫലം നിശ്ചയിച്ച് സമർപ്പിക്കുന്ന BOQ-കളിൽ ലാഭം കുറഞ്ഞ ഇനങ്ങൾ ഒഴിവാക്കി മെച്ചപ്പെട്ട പ്രതിഫലം ലഭിക്കുന്നവ കൂടുതൽ അളവിൽ ഉൾപ്പെടുത്തുന്നതിന് എസ്റ്റിമേറ്റുകൾ പുതുക്കുന്നതും മറ്റൊരു കാരണമാണ്. എസ്റ്റിമേറ്റുകൾ സാർവത്രികമായി പുതുക്കുന്ന നടപടി ആദ്യ അംഗീകാരം നേടാൻ സ്വീകരിച്ച ഭാരിച്ചതും, സങ്കീർണവും, സാമ്പത്തികബാധ്യതയേറെയുള്ളതും, മനുഷ്യവിഭവശേഷി വലിയ തോതിൽ വിനിയോഗിക്കപ്പെട്ടതുമായ നടപടിക്രമങ്ങൾ നിരർത്ഥകമാകുന്നു. വേണ്ടത്ര അവധാനതയില്ലാത്ത ഇത്തരം പദ്ധതി ആസൂത്രണ-നിർവഹണപ്രക്രിയകൾ ആവർത്തിക്കപ്പെടുന്നത് അടിസ്ഥാനപരമായി പഞ്ചായത്തിന് ഏറെ സാമ്പത്തിക ബാധ്യത വരുത്തിവെയ്ക്കുന്നതിനാൽ അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രം എസ്റ്റിമേറ്റ് പുതുക്കൽ രീതി പരിമിതപ്പെടുത്തേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികളുടെ ഫയൽ രേഖകളിൽ വ്യാപകമായ തിരുത്തലുകൾ

എക്സി.എൻജിനിയർ, അസി.എക്സി.എൻജിനിയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലെ രേഖകളിൽ പലതിലും അനധികൃത തിരുത്തലുകൾ വരുത്തിയിട്ടുള്ളതായി പരിശോധയിൽ വ്യക്തമായിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണത്തീയതികളാണ് വ്യാപകമായി തിരുത്തിയിട്ടുള്ളത്. ഒപ്പം തന്നെ അളവു പുസ്തകങ്ങളിലും സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ധാരാളമായി വരുത്തിയിട്ടുമുണ്ട്. സാങ്കേതിക അനുമതി രേഖയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പൂർത്തീകരണ കാലയളവിൽനിന്ന് തികച്ചും വിഭിന്നമാണ് കരാറിന്റെ അനുബന്ധമായ ഫോം 132-ൽ നൽകിയിട്ടുള്ളത്. ഇതുതന്നെ കരാറുകാർക്ക് ഹിതകരമായ രീതിയിൽ പല തവണ തിരുത്തപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫോമിന്റെ ആമുഖ പേജിൽ നൽകിയിട്ടുള്ള കാലയളവല്ല ഉൾപ്പേജുകളിൽ നൽകിയിരിക്കുന്നത്. അനുബന്ധ രേഖകളിൽ തിരുത്തലുകൾ വരുത്തുന്ന പ്രവണത ക്രമക്കേടുകൾക്ക് വഴിവെയ്ക്കുമെന്നതിനാൽ ഒട്ടുംതന്നെ അഭികാമ്യമല്ല. ആയതിനാൽ അനിവാര്യമായ സന്ദർഭങ്ങളിൽ സാക്ഷ്യപ്പെടുത്തലുകളോടെ മാത്രം അവ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 മുട്ട ഗ്രാമം പദ്ധതി -തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

നിർവ്വഹണം -ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം

ബിൽനം -1/17-18 തി 19-3-2018

തുക . ₹1102920/-

തൻവർഷം ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം നിർവ്വഹണം നടത്തിയ മുട്ടഗ്രാമം പദ്ധതിയ്ക്കായി മേൽ ബിൽപ്രകാരം തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കാത്ത/തുക പൂർണ്ണമായും ചെലവഴിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| സ്ഥാപനം | അക്കൗണ്ട് നം | ലഭ്യമായ തുക ₹ | വിനിയോഗ വിവരം ലഭ്യമാക്കാത്ത തുകകൾ ₹ |
|---|---|---|---|
| നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 799011400002800 | 337920 | 337920 |
| ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | 710081400000007 | 80000 | 9833 |
| വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് | 710101400000002 | 385000 | 268000 |

വിനിയോഗ രേഖകൾ ലഭ്യമാക്കാത്തിനാൽ ₹615753/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ദേവിയാർ ജി.എച്ച്.എസ്.റൂഫിംഗ് അധിക തുക നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എസ്.ഒ1026/17-18 ദേവിയാർ ജി.എച്ച്.എസ്.റൂഫിംഗ് |
| അടങ്കൽ | ₹15,00,000/- |
| കോൺട്രാക്ടർ | ബേസിൽ പി.വർഗീസ് |
| | |

| | |
|---|---|
| ബിൽ വിശദാംശങ്ങൾ | 175/17-18/16.09.17 ₹1058439/- |
| എം.ബുക്ക് നമ്പർ | 228/17 |
| ഗ്രാമപഞ്ചായത്ത് | അടിമാലി |

പ്രോജക്ട് നമ്പർ എസ്.ഒ1026/17-18 പ്രകാരമുള്ള ദേവിയാർ ജി.എച്ച്.എസ്.റൂഫിംഗ് എന്ന പ്രവൃത്തിക്കായി മേൽ സൂചിത ബിൽ പ്രകാരം ₹10,58,439/- പിൻവലിച്ച് ചെലവ് നടത്തിയിരിക്കുന്നു. ചെലവിനങ്ങൾക്ക് ആധാരമായ എം.ബുക്കിൽ വ്യക്തമായ തുകകൾ രേഖപ്പെടുത്താതെ കോൺട്രാക്ടർക്ക് നൽകാവുന്ന തുകയിലും അധികമായിട്ടാണ് നൽകിയിരിക്കുന്നത്. എം ബുക്കിൽ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു.

| എം. ബുക്ക് ഇനം. നം. | ഇനം | അളവ് | റേറ്റ്/ യൂണിറ്റ് ₹ | നൽകാവുന്ന തുക₹ | എം.ബുക്ക് പ്രകാരം നൽകിയ തുക |
|---|---|---|---|---|---|
| 1 | Solid Masontry | 10.11m3 | 8450/എം3 | 85437.95 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | Steel work in built up tubular truss work | 2917.92kg | 145 കി.ഗ്രാം | 423098.40 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | Roofing with GI trafford profile sheet | 355.77m2 | 600/എം2 | 213462 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 40 cm plain GS sheet | 47.60m2 | 480/എം2 | 22848 | 22848 |
| 5 | 12mm cement plaster mix 1:4 | 122.15m2 | 250/എം2 | 30537.50 | 30537.50 |
| 6 | False ceiling- 7.55mm | 176.90m2 | 520/എം2 | 91988 | 91988 |
| 7 | Aluminium work | 97.65kg | 470കി.ഗ്രാം. | 45896 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | Coloumn washing | 122.15m2 | 166എം2 | 20276 | 20276 |
| 9 | Granite name board | 1 No. | 8000/1 | 8000 | 8000 |
| ആകെ നൽകാവുന്ന തുക | | | | 941544.80 | |

| ഇനം | എം.ബുക്ക് പ്രകാരം നൽകിയ തുക ₹ | നൽകാവുന്ന തുക ₹ |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 957863 | 941545 |
| സർവ്വീസ് ടാക്സ്(10.49%) | 100576 | 98862 |
| ആകെ | 1058439 | 1040407 |
| (-)വാറ്റ് @4%(₹941545/-) | 38315 | 37662 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി @1% | 9579 | 9415 |
| I.T @1% | 9579 | 9415 |
| ആകെ | 57439 | 56492 |
| | 1000966 | 983915 |

| | | |
|---|---|---|
| | (1058439-57439) | (1040407-56492) |
| സർവ്വീസ് ടാക്സ് സെൻട്രൽ എക്സൈസിൽ കോൺട്രാക്ടർ ഒടുക്കിയത് ₹57013/-(ചലാൻ നം. 00067/31.03.17) | | |
| സർവ്വീസ് ടാക്സ് റീടെൻഷൻ | 43563 (100576-57013) | 41849 (98862-57013) |
| കോൺട്രാക്ടർക്ക് നൽകിയ തുക(1000966-43563) | 957403 | 942066 |
| അധികം നൽകിയത് | 957403-942066=15337 | |

കരാറുകാരന് അധികം നൽകിയ തുക ₹15337/- ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-12 ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ

ഇടുക്കി ജില്ലാപഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ താഴെ പറയുന്ന ടാറിംഗ് പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള SS1ബിറ്റുമിന്റെ (നിർമ്മാണ സാമഗ്രികൾ) ബില്ല് കോൺട്രാക്ടർമാർ സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുള്ള SS1 ബിറ്റുമിന്റെ അളവിൽ കുറവ് വന്നിരിക്കുന്നു. അതിനാൽ നിർവ്വഹിച്ച പ്രവൃത്തിയിൽ ഗുണനിലവാരം കുറയുകയും ചെലവ് തുകയിൽ കുറവ് വരികയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവില്ലുള്ള പ്രസ്തുത കുറവ് കണക്കാക്കാതെയാണ് കോൺട്രാക്ടർക്ക് തുക നൽകിയിരിക്കുന്നത്. ഉപയോഗിക്കാത്ത SS1 ബിറ്റുമിന്റെ വില നൽകിയത് ഓഡിറ്റിൽ നിരാകരിക്കുകയും പ്രവൃത്തിയിൽ ഗുണനിലവാരക്കുറവ് ഉണ്ടായതിനാൽ ബാക്കി ചെലവ് തുക തടസ്സപ്പെടുത്തുകയും ചെയ്യുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എസ്.ഒ1026/17-18 കിഴക്കേടത്ത്പടി മണിയാറംകുടി സ്കൂൾ |
| അടങ്കൽ | ₹500000/- |
| കോൺട്രാക്ടർ | സുരേഷ് കെ.ആർ |
| ബിൽ വിശദാംശങ്ങൾ | 41/17-18/30.06.2017 ₹433774/- |
| എം.ബുക്ക് നമ്പർ | 221/17 |
| പഞ്ചായത്ത് | വാഴത്തോപ്പ് |

SS1 ബിറ്റുമിൻ ഉപയോഗത്തിന്റെ വിവരം

| ഇനം | ഒരു എം2ന് ഉപയോഗിക്കേണ്ട ബിറ്റുമിൻ (കി.ഗ്രാം) | എം.ബുക്ക് പ്രകാരമുള്ള അളവ് (എം2) | ഉപയോഗിക്കേണ്ട ആകെ ബിറ്റുമിൻ (കി.ഗ്രാം) | ഉപയോഗിച്ച ആകെ ബിറ്റുമിൻ (കി.ഗ്രാം) | കുറവ് ബിറ്റുമിൻ (കി.ഗ്രാം) | ഉപയോഗിക്കാത്ത ബിറ്റുമിൻ വില(64.9രൂപ/കി.ഗ്രാം) നികുതിയുൾപ്പെടെ |
|---|---|---|---|---|---|---|
| SS1ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രൈംകോട്ട് | 0.85 കി.ഗ്രാം/ എം2 | 855 | 727 | 545 | 182 | 11811.80 |
| ഇൻവോയ്സ് നമ്പർ 5246/09.05.17 പ്രകാരം 545കി.ഗ്രാം ഈ പ്രവൃത്തിക്കായി വാങ്ങിയിട്ടുണ്ട് | | | | | | |
| നിരാകരിച്ച തുക = ₹11812/- | | | | തടസ്സപ്പെടുത്തിയ തുക =₹421,962/- | | |

അധികം നൽകിയ തുക ₹11812/- ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ₹421962/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.നഷ്ടം

ഇടുക്കി ജില്ലാ പഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തിയിൽ കിളച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ/അളവിൽ കുറയ്ക്കാതെ മണ്ണ് ഫില്ലിംഗിന് തുക നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | എസ്.ഒ680/17-18 പുന്നയാർ-ചന്ദ്രൻസിറ്റി പോറിമറ്റം റോഡ് |
| അടങ്കൽ | ₹10,00,000/- |
| കോൺട്രാക്ടർ | സണ്ണി.പി. |
| ബിൽ വിശദാംശങ്ങൾ | 70/17-18/30.06.17 ₹7,23,829/- |
| എം.ബുക്ക് നമ്പർ | 100/17 |
| | |

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | കഞ്ചിക്കോട് |

| എം.ബുക്ക് ഇനം. നം. | പ്രവൃത്തി | കിളച്ചെടുത്ത മണ്ണ്-എം3 | നൽകിയ തുക ₹ |
|---|---|---|---|
| 1-(പേജ്-22) | മണ്ണ് കിളച്ചെടുക്കൽ | 151.60 | 35049.92 (@₹231.20/എം3) |
| 5-(പേജ്-25) | എർത്ത് ഫില്ലിംഗ് | 16.200 | 7724 (@₹476.80/എം3) |

കിളച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ എർത്ത് ഫില്ലിംഗിന് അധികം നൽകിയ തുക ₹7724/- ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-14 ഐറ്റംവൈസ് ടെണ്ടറിൽ അധികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി-നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കൺവാടി-കരിശുമല എസ്.സി.കോളനി റോഡ് |
| ഗ്രാമപഞ്ചായത്ത് | പാമ്പാട്ടുംപാറ |
| കരാറുകാരൻ | ജോസ്.കെ.യു |
| അടങ്കൽ | ₹10,00,000/- |
| എം.ബുക്ക് നമ്പർ | 237/2016-17 |
| ബിൽ നം. | 171/2017-18 ₹886560/- |

പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിലെ അങ്കൺവാടി-കരിശുമല എസ്.സി.കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. ശ്രീ.ജോസ് കെ.യു.എന്നയാളുടെ ഐറ്റംവൈസ് ടെണ്ടർ ആണ് മേൽ പ്രവൃത്തികൾക്കായി ജില്ലാ പഞ്ചായത്ത് അംഗീകരിച്ചത്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്കവേഷനിൽ(ഐറ്റം നം.1) എസ്റ്റിമേറ്റ് അളവിനേക്കാൾ അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി."ഏതെങ്കിലും ഒരു ഐറ്റത്തിന്റെ ക്വാണ്ടിറ്റി കരാറുടമ്പടിയിൽ കൂടുന്ന പക്ഷം അധികരിച്ച അളവിന് ക്വോട്ട് ചെയ്ത നിരക്കോ, എസ്റ്റിമേറ്റ് നിരക്കോ ഏതാണ് കുറവ് അതായിരിക്കും നൽകുക" എന്ന കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് തുക നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം.1 എർത്ത് വർക്ക് എസ്കവേഷനുള്ള നിരക്ക് | 678.600m3@₹42.75/ എം3 |
| എം.ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | 737.272എം3 limited to 712.53.എം3 |
| കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് | ₹200/- |
| കരാറുകാരന് നൽകാവുന്ന തുക | 678.60x200+33.93x42.75=135720+1450.5=<br>₹137170.50 |
| കരാറുകാരന് നൽകിയ തുക | ₹142506.00(737.60m3x₹200) |
| അധികം നൽകിയ തുക | 142506-137171= ₹5335/- |

അധികമായി നൽകിയ ₹5335/- ഈടാക്കി ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-15 സർവ്വീസ് ടാക്സ് ഇനത്തിൽ അവശേഷിക്കുന്ന റീടെൻഷൻ തുകകൾ ക്രമീകരിച്ചിട്ടില്ല.

2017-18 വർഷം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഫൈനൽ ബിൽ നൽകിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ സർവ്വീസ് ടാക്സ് ഇനത്തിൽ 10.5% തുക കൂട്ടി ബിൽ മാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കോൺട്രാക്ടർമാർ ഒടുക്കേണ്ട സർവ്വീസ് ടാക്സ് തുകകൾ സെൻട്രൽ എക്സൈസിൽ ഒടുക്കിയിട്ടില്ലാത്തതിനാൽ സർവ്വീസ് ടാക്സ് ഇനത്തിൽ പിൻവലിച്ച തുകകൾ കോൺട്രാക്ടർമാർക്ക് നൽകാതെ റീടെൻഷനായി പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

വിശദവിവരം ചുവടെ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ട് | 1046- കതിപ്പാറ-കല്ലാർകുട്ടി സ്കൂൾ (GHS)മെയിന്റനൻസ് |
| അടങ്കൽ തുക | ₹15,00,000/- |
| ബിൽ നം./തീയതി/തുക | 231/17-18/31.10.17 ₹14,72,235/- |
| ആകെ പ്രവൃത്തി മൂല്യം | ₹13,32,339/- |
| | |

| | |
|---|---|
| സർവ്വീസ് ടാക്സ് @10.5% | ₹1,39,896/- |
| പിൻവലിച്ച തുക | ₹14,72,235/- |
| ഗ്രാമപഞ്ചായത്ത് | വെള്ളത്തൂവൽ |

2)

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ട് | 154- ദേവികുളം (GHS)മെയിന്റനൻസ് |
| അടങ്കൽ തുക | ₹5,00,000/- |
| ബിൽ നം./തീയതി/തുക | 231/17-18/31.10.17 ₹488954/- |
| ആകെ പ്രവൃത്തി മൂല്യം | ₹442592/- |
| സർവ്വീസ് ടാക്സ് @10.5% | ₹46362/- |
| പിൻവലിച്ച തുക | ₹488954/- |

3)

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ട് | 1026- അടിമാലി-ദേവിയാർസ്കൂൾ(GHS)മെയിന്റനൻസ് (റൂഫിംഗ്) |
| അടങ്കൽ തുക | ₹15,00,000/- |
| ബിൽ നം./തീയതി/തുക | 175/17-18/16.09.17 ₹1058439/- |
| ആകെ പ്രവൃത്തി മൂല്യം | ₹957863/- |
| സർവ്വീസ് ടാക്സ് @10.5% | 100576 |
| പിൻവലിച്ച തുക | ₹1058439 |
| കോൺട്രാക്ടർ ഒടുക്കിയ സർവ്വീസ് ടാക്സ് | ₹57013/- , ബാക്കി -₹43563/- |

2017 നവംബർ മുതൽ GST നടപ്പിലാക്കിയതിനാൽ സർവ്വീസ് ടാക്സ് ഇനത്തിൽ പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ക്രമീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 മൂങ്കലാർ ഒന്നാം ഡിവിഷൻ ഗ്രൗണ്ട് കോൺക്രീറ്റ്- അധിക തുക നൽകി-അംഗീകരിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 1022/2016-17 |
| അടങ്കൽ തുക | 500000/- |
| കോൺട്രാക്ടർ | ഷമീർ ഇബ്രാഹിം |
| ബിൽ നം. | 76/2017-18 തീയതി.11.07.2017 ₹484383/- |
| ഗ്രാമപഞ്ചായത്ത് | വണ്ടിപ്പെരിയാർ |

മേൽ പ്രവൃത്തിയുടെ എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളുടെ നിജസ്ഥിതി 23.02.2018ൽ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചു. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ അധീനതയിലുള്ള ഭൂമിയിലാണ് ഈ പ്രവൃത്തി നടപ്പാക്കിയത്. ഗ്രൗണ്ടിന്റെ മധ്യഭാഗത്തായി മൂങ്കലാർ ദേവിക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള ആഴിപൂജ നടത്തുന്നതിനായി 6.65x3.05 മീറ്റർ അളവിൽ സ്ലാബ് വാർത്ത് ഇട്ടിട്ടുണ്ടെങ്കിലും ആയത് എസ്റ്റിമേറ്റിലോ, എം.ബുക്കിലോ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനു ചുറ്റുമുള്ള സ്ഥലം കോൺക്രീറ്റ് ചെയ്യുകയാണ് ഈ പ്രവൃത്തിയിൽ നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എം.ബുക്കിലെ അളവുകളും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട അളവുകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് ബുക്ക് പ്രകാരമുള്ള അളവ് | പ്രാദേശിക പരിശോധനയിൽ കണ്ട അളവ് | നിരക്ക് ₹ | എം.ബുക്ക് പ്രകാരം നൽകിയ തുക ₹ | നൽകാവുന്ന തുക ₹ |
|---|---|---|---|---|---|---|
| 1 | Surface Dressing | 374.88m2 | 341.28m2 | 19.34 | 7250.18 | 6600.36 |
| 2 | 15 mm thick pack filling | 374.88m2 | 341.28m2 | 35.7348 | 13396.30 | 12195.572 |
| 3 | 1:2:4 cement | 56.233m2 | 51.19m2 | 8207.44 | 461528.98 | 420138.85 |

| | | | | | | |
|---|---|---|---|---|---|---|
| | concreting | | | | | |
| 4 | Name Board | | | | 2425.00 | 2425.00 |
| | ആകെ | | | | 484600.46 | 441360.00 |
| | Value Admitted | | | | 484383.00 | |
| | അധികം നൽകിയ തുക | | | | 43023.00 | |

ചെയ്യാത്ത പ്രവർത്തിക്ക് അധികമായി നൽകിയ ₹43023/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. ഉത്തരവാദികളായവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കേണ്ടതാണ്.

## 3-17 അങ്കണവാടി കെട്ടിടം-അധിക തുക നൽകിയത്

| | |
|---|---|
| പ്രോജക്ട് നം. | 1207/2018 |
| പ്രവൃത്തിയുടെ പേര് | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് 66-ാംമൈൽ അങ്കണവാടി കെട്ടിടം |
| അടങ്കൽ തുക | ₹10,00,000/- |
| ബിൽ നം. | 158/2017-18/16.08.17 |
| എം.ബുക്ക് നമ്പർ | 166/15 |
| കൺവീനർ | ബിജു,കുരുപ്പള്ളിൽ,തോക്കുപാറ |

പള്ളിവാസൽ ഗ്രാമപഞ്ചായത്ത് 2-ാം വാർഡ് 66-ാം നമ്പർ അങ്കൺവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ എം-ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇഷ്ടിക കെട്ട്, പ്ലാസ്റ്ററിംഗ്, ടൈൽ പ്രവൃത്തി എന്നീ അളവുകളും സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ട അളവുകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് ബുക്ക് പ്രകാരമുള്ള അളവ് | പ്രാദേശിക പരിശോധനയിൽ കണ്ട അളവ് | നിരക്ക്/ എം2 ₹ | എം.ബുക്ക് പ്രകാരം നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 1 | ഇഷ്ടിക കെട്ട് | 17.125m2 | 15.738m2 | 4753/m2 | 81395.00 | 74802.00 | 6592 |
| 2 | ടൈൽ പ്രവൃത്തി | 75.306m2 | 49.019m2 | 7746/10m2 | 58332.02 | 37970.17 | 20362 |
| 3 | പ്ലാസ്റ്ററിംഗ് | 178.47m2 | 157.38m2 | 2036/10m2 | 36336.00 | 32043 | 4293 |
| | ആകെ അധികം | | | | | | 31247 |

അങ്കണവാടി കെട്ടിടനിർമ്മാണത്തിൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന മൂന്ന് ഇനങ്ങളിലായി ₹31247/- അധികം നൽകിയിരിക്കുന്നത് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-18 ശമ്പള പരിഷ്കരണ കുടിശിക പണമായി പിൻവലിച്ചത് തിരിച്ചടച്ചില്ല.

വൗച്ചർ നം. : 21700004/04.04.2017 ₹350881/-

ചെക്ക് നം. : 0493192/ 03.04.2017

സർക്കാർ ജീവനക്കാരുടെ 2014ലെ ശമ്പള പരിഷ്കരണം മൂലമുള്ള ശമ്പള കടിശികയുടെ വിതരണം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 01.07.2014 മുതൽ 31.01.2016 വരെയുള്ള ശമ്പള കടിശിക നാല് ഗഡുക്കളായി 01.04.2017, 01.10.2017, 01.04.2018, 01.10.2018 എന്നീ തീയതികളിൽ പണമായി പിൻവലിക്കാൻ ഉത്തരവായിരുന്നു. എന്നാൽ പിന്നീട് മേൽ ഉത്തരവ് 06.10.2017ലെ ജി.ഒ(പി) നമ്പർ 128/2017 പ്രകാരം റദ്ദാക്കുകയും ഏതെങ്കിലും ജീവനക്കാരുടെ കടിശിക തുക പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് 31.10.2017നകം തിരികെ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കാൻ നിർദ്ദേശവും നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ചുവടെ കൊടുക്കുന്ന ജീവനക്കാരുടെ ശമ്പള കടിശികയിനത്തിൽ പണമായി പിൻവലിച്ച തുക തിരികെ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല. ഇപ്രകാരം പുന:നിക്ഷേപം നടത്താത്തപക്ഷം 12% പിഴപലിശ സഹിതം തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | പിൻവലിച്ച തുക ₹ |
|---|---|---|
| കെ.പി.ജയൻ | ജൂനിയർ സൂപ്രണ്ട് | 37771.00 |
| സാജു ജോസഫ് | ജൂനിയർ സൂപ്രണ്ട് | 36110.00 |
| പോൾ റ്റി ചാണ്ടി | സെല.ഗ്രേഡ് ടൈപ്പിസ്റ്റ് | 35204.00 |
| ജബ്ബാർ കെ.ബി | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 13509.00 |
| ഏലിയാമ്മ ജോസഫ് | സീനിയർ ക്ലർക്ക് | 26699.00 |
| ജോഷി കെ.ജി. | സീനിയർ ക്ലർക്ക് | 19916.00 |
| ലിൻസിമോൾ കെ.ജി. | സീനിയർ ക്ലർക്ക് | 19934.00 |
| ജോബി ജോസഫ് | സീനിയർ ക്ലർക്ക് | 19088.00 |
| ജയമോൾ പി.സി | സീനിയർ ക്ലർക്ക് | 19088.00 |
| രാജി ബാലൻ | സീനിയർ ക്ലർക്ക് | 18133.00 |
| നിയാസ് സി.കെ. | സീനിയർ ക്ലർക്ക് | 13598.00 |
| വി.എസ്.സജീവൻ | ഡ്രൈവർ | 26232.00 |
| നസീർ പി.ഒ | ഡ്രൈവർ | 7738.00 |
| സന്തോഷ് കമാർ ആർ | ഡ്രൈവർ | 22527.00 |
| രാജേഷ് എൻ.റ്റി | ഓഫീസ് അസിസ്റ്റന്റ് | 17954.00 |
| അനസ് എം.എ | ഓഫീസ് അസിസ്റ്റന്റ് | 17380.00 |
| ആകെ ₹ | | 350881.00 |

## 3-19 ആവശ്യമായ രേഖകളുടെ അഭാവം-ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ കൊടുക്കുന്ന ചെലവ് തുകകൾ ഓരോന്നും അതാതിനു നേരെ കൊടുക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നം./ ബിൽ നം./ തീയതി | ചെലവ് തുക ₹ | ചെലവിനം | തടസ്സകാരണം |
|---|---|---|---|---|
| 1 | 21700168/03.07.17 | 11373 | കല്ലാർ വട്ടിയാർ എം.എച്ച്.ഇ.പി.ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക അസി.എൻജിനീയർ കെ.എസ്.ഇ.ബി. ചിത്തിരപുരത്തിന് നൽകിയത് | വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവയില്ല |
| 2 | 21700186/11.07.17 | 16800 | ലെറ്റർ പാഡ്, ഓഫീസ് നോട്ട് പാഡ്, രജിസ്റ്റർ മുതലായ സാധനങ്ങൾ വാങ്ങിയതിന് ഫ്രണ്ട്സ് ഓഫ് സെറ്റ് പ്രസ് ചെറുതോണിക്ക് നൽകിയത്. | 1)ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല 2)സ്റ്റോക്കിലെടുത്തിട്ടില്ല. |
| 3 | 21700352/26.09.17 | 50000 | വിവിധ കേസുകൾ വാദിച്ചതിന് വക്കീൽ ഫീസ് അഡ്വ.ഉണ്ണിക്കൃഷ്ണൻ വി, ആലപ്പാട്ടിന് നൽകിയത് | തുകയുടെ കൈപ്പറ്റ് രസീതില്ല |
| 4 | 21700357/28.09.17 | 15000 | ജില്ലാ ആശുപത്രി തൊടുപുഴയുടെ ലിഫ്റ്റ് അറ്റകുറ്റപ്പണി ചെയ്തയിനത്തിൽ സൂപ്രണ്ട് ജില്ലാ ആശുപത്രി തൊടുപുഴയ്ക്ക് നൽകിയത് | ആരാണ് അറ്റകുറ്റപ്പണി ചെയ്തതെന്നോ ടിയാന്റെ ബില്ലോ കൈപ്പറ്റ് രസീതോ, വിനിയോഗ വിവരമോ ലഭ്യമല്ല. |
| 5 | 21700371/07.10.17 | 9800 | മുരിക്കാട്ടുകടി GTHSSകോമ്പൗണ്ടിലെ 13 അക്കേഷ്യാ മരങ്ങൾ മുറിച്ചുമാറ്റിയ വകയിൽ ചെലവായ തുക പ്രിൻസിപ്പാളിന് നൽകിയത് | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് ഫണ്ടിൽ കൂട്ടിയതിന്റെ വിവരം ലഭ്യമല്ല. |
| 6 | 21700384/19.10.17 | 28000 | മൂലമറ്റം GVHSSഗ്രൗണ്ടിലെ മരങ്ങൾ | 1)ഏതെല്ലാം |

| | | | | |
|---|---|---|---|---|
| | | | മുറിച്ചുമാറ്റിയതിന് ചെലവായ ഇക HM, GVHSS മൂലമറ്റത്തിന് നൽകിയത് | മരങ്ങളാണ് മുറിച്ചു മാറ്റിയതെന്നോ എത്രയെണ്ണം മുറിച്ചുമാറ്റിയെന്നോ വ്യക്തമല്ല. 2) മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് ഫണ്ടിൽ ക്കൂട്ടിയതിന്റെ വിവരം ലഭ്യമല്ല 3) മരം മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല |
| 7 | 21700389/23.10.17 | 40194 | സുരക്ഷിത കൗമാരം പദ്ധതിയുടെ ഇ.എം.ഡി.റിടടേൺ ഇനത്തിൽ പ്രൊപ്രൈറ്റർ ഹാംലറ്റ് ഫിറ്റ്നംസ് ഷോപ്പി പാലായ്ക്ക് നൽകിയത്. | 1) ഒറിജിനൽ രസീതില്ല 2) റീഫണ്ട് വൗച്ചർ ക്യാൻസൽ ചെയ്തിട്ടില്ല. 3) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല. |
| 8 | 21700458/30.11.17 ₹50000 ചെക്ക് നം. 233171/28.11.17 | 50000 | കേരളോത്സവം 17-18 നടത്തിപ്പിനായി മുൻകൂർ പിൻവലിച്ചത് | 1) ചെലവ് വൗച്ചർ ലഭ്യമല്ല 2) ഇക അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല. |
| 9 | 21700466/30.11.17 ₹200000/- ചെക്ക് നം. 233172/30.11.17 | 200000 | കേരളോത്സവം 17-18 നടത്തിപ്പിനായി പിൻവലിച്ചത് | ചെലവ് വൗച്ചർ ലഭ്യമല്ല |
| 10 | 21700469/07.12.17 ₹25000/- ചെക്ക് നം. 458504/05.12.17 | 15000 | ദൈനംദിന ചെലവിനത്തിൽ സ്റ്റേറ്റ് സീഡ് ഫാം കരിമണ്ണൂരിന് നൽകിയത് | 04.11.17ൽ സെക്രട്ടറിക്ക് സമർപ്പിച്ച ₹10000/- യുടെ വൗച്ചർ മാത്രം ലഭ്യമാക്കി ബാക്കി 15000/-ന്റെ വൗച്ചർ ലഭ്യമാക്കിയിട്ടില്ല. |
| 11 | 21700470/07.12.17 ₹35995/- ചെക്ക് നം. 458505/05.12.17 | 25995 | ദൈനംദിന ചെലവിനത്തിൽ ജില്ലാ കൃഷിത്തോട്ടം അരിക്കുഴയ്ക്ക് നൽകിയത് | 25.10.17ൽ സെക്രട്ടറിക്ക് സമർപ്പിച്ച ₹10000/- യുടെ വൗച്ചർ മാത്രം ലഭ്യമാക്കി ബാക്കി ₹25995/-യുടെ വൗച്ചർ ലഭ്യമാക്കിയിട്ടില്ല. |
| 12 | 21700494/08.12.17 ചെക്ക് നം. 233174/15.12.17 | 25000 | മുരിക്കാട്ടുകുടി GTHSSകോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചുമാറ്റി നീക്കം ചെയ്ത വകയിൽ ഇ.എം.ഡി.ഇക ശ്രീ.പി.കെ.തോമസ്, പാണിയാംകുഴിയിൽ ചപ്പാത്ത് എന്നയാളിന് തിരികെ നൽകിയത് | 1) ഒറിജിനൽ രസീതില്ല. 2) ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറില്ല. |

| | | | | |
|---|---|---|---|---|
| 13 | 21700495/18.12.17<br>ചെക്ക് നം.<br>233175/15.12.17 | 25000 | മുരിക്കാട്ടുകുടി GTHSSകോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചുമാറ്റി നീക്കം ചെയ്ത വകയിൽ ഇ.എം.ഡി.തുക ശ്രീ.തോമസ് ദേവസ്യ,തെക്കേടത്ത്, കൽത്തൊട്ടി എന്നയാളിന് തിരികെ നൽകിയത് | 1) ഒറിജിനൽ രസീതില്ല.<br>2) ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറില്ല. |
| 14 | 21700505/20.12.17 | 25200 | ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി കില പഠനയാത്ര ഇൻസെഡൻഷ്യൽ ചെലവ് ഇനത്തിൽ മുൻകൂർ നൽകുന്നതിന് പിൻവലിച്ചത്.(കിലയിൽ നിന്നും തുക തിരികെ ലഭിക്കുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ചെലവാക്കിയത് ) | 1) മുൻകൂർ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല.<br>2) കിലയിൽ നിന്നും തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 15 | 21700512/30.12.17.<br>₹61000/-<br>ചെക്ക് നം.<br>233179/29.12.17 | 51000 | ദൈനംദിന ചെലവിനത്തിൽ ജില്ലാ പൗൾട്രി ഫാം കോലാനിക്ക് നൽകിയത്. | 08.12.17ൽ സെക്രട്ടറിക്ക് സമർപ്പിച്ച ₹10000/- യുടെ വൗച്ചർ മാത്രം ലഭ്യമാക്കി ബാക്കി 51000/-ന്റെ വൗച്ചർ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | ₹588362 | | |

## 3-20 മരുന്ന് പൂർണ്ണമായും ലഭ്യമാകാത്തത്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ മരുന്ന് വാങ്ങലിന് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.

| സ്ഥാപനം | ചെലവഴിച്ച തുക | പരാമർശം | തുക നൽകിയത് |
|---|---|---|---|
| സൂപ്രണ്ട് ,ഇടുക്കി ജില്ലാ ഹോമിയോ ആശുപത്രി മുട്ടം | 1/17-18/17.03.18<br>₹1000000 | ₹530432/-യുടെ മരുന്ന് ലഭ്യമായിട്ടില്ല. | ഹോംകോ ആലപ്പുഴ |
| സൂപ്രണ്ട് /ജില്ലാ ആശുപത്രി തൊടുപുഴ(അലോപ്പതി) | ബിൽ നം 3/17-18<br>തി.20-3-2018<br>₹547983/- | ₹5000/-യുടെ മരുന്ന് ലഭ്യമായിട്ടില്ല. | KMSCL |

നൽകിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-21 വ്യക്തമായ ആസൂത്രണമില്ലാതെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു

2017-18 വർഷത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ശുചിത്വം പദ്ധതിയും സുരക്ഷിത കൗമാര പദ്ധതിയും സമാന സ്വഭാവത്തിലുള്ളവയായിരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | അടങ്കൽ ₹ | ചെലവ്(ബിൽ വിവരം) | നിർവ്വഹണ ഉദ്യോഗസ്ഥൻ | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ശുചിത്വ പദ്ധതി 52/17 | 10061944 | ₹2332800(81/2017-18, തീയതി.28.03.18) | സെക്രട്ടറി | ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, വി.എച്ച്.എസ്.സി, ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്ക് സാനിറ്ററി നാപ്കിൻ, ഇൻസിനേറ്റർ, വെൻഡിംഗ് മെഷീൻ, അലമാര എന്നിവ വാങ്ങി നൽകൽ |
| 2 | സുരക്ഷിത കൗമാരം 627/18 | 4000000 | ₹3246967(4/17-18/ 21.03.18) | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ഹൈസ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ, ഇൻസിനേറ്റർ, വെൻഡിംഗ് മെഷീൻ എന്നിവ വാങ്ങൽ |

2018 ഫെബ്രുവരി 5-ലെ കമ്മിറ്റി തീരുമാന പ്രകാരം സുരക്ഷിത കൗമാരം പദ്ധതി എച്ച്.എൽ.എൽ മുഖേന നടപ്പാക്കുന്നതിനും എച്ച്.എൽ.എൽ-ന്റെയും കുടുംബശ്രീ യൂണിറ്റിന്റെയും നാപ്കിനുകളുടെ ഗുണനിലവാരം പരിശോധിച്ച് ശുചിത്വം പദ്ധതിയിലേയ്ക്ക് നാപ്കിനുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. തുടർന്ന്, 2018 മാർച്ച് 26-ലെ 5-ാം നമ്പർ തീരുമാന പ്രകാരം ശുചിത്വ പദ്ധതി പ്രകാരമുള്ള നാപ്കിനുകൾ വിതരണം ചെയ്യുന്നതിനു കുടുംബശ്രീ യൂണിറ്റിനേയും, ഇൻസിനേറ്ററുകൾ വിതരണം ചെയ്യുന്നതിന് എച്ച്.എൽ.എൽ-നെയും അലമാര വിതരണം ചെയ്യുന്നതിന് സിഡ്കോയേയും ചുമതലപ്പെടുത്തി. പദ്ധതികൾ പ്രകാരം വിതരണം ചെയ്ത സാമഗ്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വിതരണം ചെയ്തവ | വിതരണം ചെയ്ത സ്ഥാപനം |
|---|---|---|
| ശുചിത്വം | നാപ്കിൻ-77760 പായ്ക്കറ്റ് (ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, വി.എച്ച്.എസ്.സി, ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ) | ഫ്രണ്ട്സ് കുടുംബശ്രീ യൂണിറ്റ് , സന്യാസിയോട |
| സുരക്ഷിത കൗമാരം | 57 വെൻഡിംങ് മെഷീൻ<br>57 ഇൻസിനേറ്റർ<br>30780 പായ്ക്കറ്റ് നാപ്കിൻ(ഹൈസ്കൂളുകൾക്ക് മാത്രം) | എച്ച്.എൽ.എൽ. തിരുവനന്തപുരം |

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ യൂണിറ്റ് വിതരണം ചെയ്ത നാപ്കിൻ ₹4.28 നിരക്കിലും എച്ച്.എൽ.എൽ വിതരണം ചെയ്ത നാപ്കിൻ ₹3.33 നിരക്കിലുമാണ്. 95പൈസയുടെ വിലക്കുറവുണ്ടായിട്ടും എച്ച്.എൽ.എൽ-നെ തെരഞ്ഞെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2. 2016-17 സാമ്പത്തിക വർഷം മുതൽ പൊതുവിദ്യാഭ്യാസ ഉപ ഡയറക്ടർ പ്രോജക്ട് തയ്യാറാക്കി 2016-17 സാമ്പത്തിക വർഷത്തിൽ 36 സ്കൂളുകളിൽ പദ്ധതി ആരംഭിക്കുകയും 2017-18ൽ ബാക്കി സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈയവസരത്തിലാണ് ഒരു കോടി രൂപ അടങ്കലിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സമാന പ്രോജക്ട് 2017-18 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. വ്യക്തമായ പഠനമോ മുന്നൊരുക്കമോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്തതിനാലാണ് ഒരേ സ്വഭാവത്തിലുള്ള പ്രോജക്ട് ഭീമമായ അടങ്കൽ തുകയിൽ ആവിഷ്കരിച്ചത്.

3. പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ സമാന പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതിനാൽ 2018 ജൂൺ മുതൽ കുട്ടികൾക്ക് നൽകുന്നതിന് സാനിറ്ററി നാപ്കിനുകൾ വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരും ഒരേ സമയമാണ് (2018 മാർച്ച്) നാപ്കിനുകൾ വാങ്ങിയിട്ടുള്ളത്. അതിനാൽ, ആവശ്യകത നിർണയിക്കാതെ അധികം നാപ്കിനുകൾ വാങ്ങിയിട്ടുണ്ട്.

4. കേന്ദ്ര പൊതുമേഖല സ്ഥാപനമായ എച്ച്.എൽ.എൽ നിർമ്മിക്കുന്ന നിശ്ചിത സ്പെസിഫിക്കേഷനിലുള്ള വെൻഡിംഗ് മെഷീനുകൾ വാങ്ങുന്നതിനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. വെൻഡിംഗ് മെഷീനുകളിൽ കോയിൻ നിക്ഷേപിച്ചാണ് നാപ്കിനുകൾ ഉപയോഗത്തിനായെടുക്കുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടറെ എച്.എൽ.എൽ കമ്പനിയുടെ നാപ്കിനുകൾ വാങ്ങുന്നതിന് കമ്മറ്റി തീരുമാനിക്കുകയും സെക്രട്ടറിയെ കുടുംബശ്രീയുടെ നാപ്കിനുകൾ വാങ്ങുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. വലിപ്പ വ്യത്യാസമുള്ളതിനാൽ കുടുംബശ്രീ യൂണിറ്റ് വിതരണം ചെയ്ത നാപ്കിനുകൾ വെൻഡിഗ് മെഷീനിലൂടെ നൽകുവാൻ കഴിയുന്നില്ല. അതിനാൽ, എച്ച്.എൽ.എൽ കമ്പനിയുടെ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള നാപ്കിനുകൾ ഉപയോഗിക്കാത്ത പക്ഷം വിതരണം ചെയ്ത വെൻഡിംഗ് മെഷീനുകൾ ഉപയോഗരഹിതമാവുന്നതിനും മെഷീനായി ചെലവഴിച്ച തുക പാഴ്ചെലവാകുകയും ചെയ്യുന്ന അവസ്ഥ വരുന്നതിന് കാരണമാകും.

5. പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനും തുടർ പ്രവർത്തനങ്ങൾക്കുമായി എല്ലാ സ്കൂളുകൾക്കും വിശദമായ മാർഗ്ഗ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, വെൻഡിംഗ് മെഷീനുകളിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ഭാവിയിൽ നാപ്കിനുകൾ വാങ്ങുന്നതിനും നിർദേശിച്ചിട്ടുണ്ട്.

6. സെക്രട്ടറി നാപ്കിനുകൾ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ളതല്ലാതെ തുടർ മോണിറ്ററിംഗിനുള്ള സംവിധാനം ഉറപ്പാക്കിയിട്ടില്ല. അതിനാൽ സുരക്ഷിത കൗമാരം എന്ന പദ്ധതിയിലൂടെ വിതരണം ചെയ്ത നാപ്കിനുകൾ സ്കൂളുകൾ തൃപ്തികരമായ രീതിയിൽ നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

7. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ആ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനുള്ളപ്പോൾ സെക്രട്ടറിക്ക് നൽകിയതിന്റെയടിസ്ഥാനം വ്യക്തമല്ല. പദ്ധതിയുടെ ഫലപ്രദമായ മോണിറ്ററിംഗിനും പുരോഗതി വിലയിരുത്തലിനും ആ വിഷയമേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാവുന്നതാണ് ഉചിതം.

തുടർ വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-22 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ-പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി.

| | |
|---|---|
| പ്രോജക്ട് നം, പേര് | 5/2017-18, വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹90,00,000 (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ബിൽ നം/തിയതി/ | 6/2017-18, 29.6.2017, ₹2979000 |

| | |
|---|---|
| തുക | |
| | 12/2017-18, 16.8.2017, ₹1199999 |
| | 43/2017-18, 20.1.2018, ₹3640995 |
| ആകെ ചെലവ് | ₹7819994 |
| നിർവ്വഹണം | സെക്രട്ടറി |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2016-17 ൽ 90 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിക്കുകയും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി നടപ്പാക്കിയ പ്രോജക്ടിന് ടെണ്ടർ ക്ഷണിക്കുകയും 1000 വീതം മേശയും കസേരയും 200 അലമാരയും വാങ്ങി വിവിധ സ്കൂളുകൾക്കും ആശുപത്രികൾക്കും വിതരണം ചെയ്തിട്ടുണ്ട്. പ്രൊക്യുർമെന്റ് മാന്വൽ അനുസരിച്ച് സാധനങ്ങൾ വാങ്ങുന്നതിന് മുമ്പ് ആവശ്യകത കൃത്യമായി നിർണയിക്കേണ്ടതും അതനുസരിച്ച് മാത്രം സാധനങ്ങൾ വാങ്ങേണ്ടതുമാണ്. കുട്ടികളുടെ എണ്ണം, ക്ലാസ് മുറികളുടെ എണ്ണം എന്നിവയൊന്നും പരിശോധിക്കാതെയും സ്ഥാപനങ്ങളിൽ നിന്നും രേഖമൂലം നിന്നുമുള്ള റിപ്പോർട്ട് വാങ്ങാതെയുമാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് നടപ്പാക്കുന്നതിനായി 2017 ജനവരിയിൽ മാന്വൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 12.5.2015 ലെ സ.ഉ(സാധാ).13/2015/ഐ.ടി.ഡി ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നിർബന്ധമാണെന്നിരിക്കെ മാന്വൽ ടെണ്ടർ ക്ഷണിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ, ടെണ്ടർ നോട്ടീസിന്റെ പകർപ്പ് ഫയലിലില്ല. ടെണ്ടർ നോട്ടീസ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇനം തിരിച്ചാണോ ആകെ അടങ്കൽ തുകയാണോ ടെണ്ടർ നോട്ടീസിൽ ക്വോട്ട് ചെയ്യുന്നതിന് പരസ്യപ്പെടുത്തിയിരുന്നത് എന്ന വിവരം വ്യക്തമല്ല. ആയതിനാൽ, വിവിധ സ്ഥാപനങ്ങൾ നിരക്ക് ക്വോട്ട് ചെയ്തതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. 2010 പ്രൊക്യുർമെന്റ് മാന്വലിലും 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലും ഓപ്പൺ ടെണ്ടർ ക്ഷണിക്കുമ്പോൾ വ്യാപക പ്രചാരമുള്ള ഇംഗ്ലീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും പരസ്യം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 90 ലക്ഷം രൂപ അടങ്കലുള്ള ടെണ്ടർ നോട്ടീസ് പ്രാദേശിക പേജിൽ മാത്രം പ്രസിദ്ധീകരിച്ചത് കാരണം മത്സരാധിഷ്ഠിധ സാധ്യത കുറയുകയും ഗുണമേന്മ, വിലകുറവ് എന്നിവ ഉറപ്പാക്കുന്നതിനുള്ള സാധ്യത കുറയുകയും ചെയ്തു. ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ നസ്രത്ത് ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ എന്ന സ്ഥാപനം എസ്റ്റിമേറ്റ് നിരക്കിലും 15 ശതമാനം കുറവ് നിരക്കിൽ സാധനങ്ങൾ നൽകാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് കമ്മറ്റിയുടെ 27.2.2017ലെ 2(1) തീരുമാനം പ്രകാരം 13.1 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുള്ള ക്യാപ്ടൻ ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ഏറ്റവും കുറവ് നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ക്യാപ്ടൻ ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ എന്ന സ്ഥാപനം വിതരണം ചെയ്ത പല മേശകളും കസേരകളും ഗുണനിലവാരമില്ലാത്തതാണെന്ന് സെക്രട്ടറിയുടെ നിർദേശാനുസരണം വിവിധ സ്കൂളുകളിൽ പരിശോധന നടത്തിയ ക്ലർക്ക് 30.6.2017ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, മോശം ഫർണിച്ചറുകൾ മാറ്റി ൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിന് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്. ആല്ലാത്ത പക്ഷം 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 16 ലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-23 തെരുവ് നായ്ക്കളുടെ നിയന്ത്രണം-പദ്ധതി നടപ്പാക്കാതെ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 60 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ഉപയോഗിച്ച് ജില്ല പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകളെ കൂടെ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനാണ് നിശ്ചയിച്ചത്. പദ്ധതി വിഹിതമായി വിവിധ ഗ്രാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക എ.ബി.സി പദ്ധതിയ്ക്കായി ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ, നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. നിലവിൽ അക്കൗണ്ടിൽ 42 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് നായ്ക്കളുടെ ആക്രമണം മൂലമുള്ള കേസുകൾ വ്യാപകമായി റിപ്പോർട്ട് ചെയ്യുന്ന വേളയിൽ തെരുവ് നായ്ക്കളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ഭൂഷണമല്ല. പദ്ധതി എത്രയും വേഗം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 നിർമ്മാണം പൂർത്തീകരിക്കാത്ത ആയുർവേദ ആശുപത്രി വനിത വാർഡിനായി ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നു.

നിർവ്വഹണം – സെക്രട്ടറി

പാറേമാവിലുള്ള ജില്ല ആയുർവ്വേദ ആശുപത്രി വനിത വാർഡിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 18 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും ₹1055296/- (ബിൽ നം 41/2017-18, 16.1.2018-വികസന ഫണ്ട് ജനറൽ) യുടെ ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വേളയിലും ജില്ലാ ആശുപത്രിയിലെ വനിതാ വാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വനിത വാർഡിലേയ്ക്ക് വാങ്ങിയ ഫർണിച്ചറുകൾ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഫർണിച്ചറുകൾ ഉപയോഗരഹിതമായി കൂട്ടിയിട്ടിരിക്കുന്നത് അവ നശിക്കുന്നതിന് കാരണമാവും. പദ്ധതി ആസൂത്രണത്തിലെ അലംഭാവമാണ് ഇത്തരത്തിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കാരണമാകുന്നത്. നിർമ്മാണം പൂർത്തീകരിക്കാത്ത വനിതാ വാർഡിനായി ഫർണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിനായി ചെലവഴിച്ച ₹1055296/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-25 വിവിധ നിക്ഷേപപ്രവൃത്തികൾ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് കുടിവെള്ള പദ്ധതികൾക്കായി ജല അതോറിറ്റിയിലും കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല അതോറിറ്റിയിലും രണ്ട് വൈദ്യുതീകരണ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബി യിലും തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തികൾ പൂർത്തീകരിച്ച് വിവരം ജില്ലാ

പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. നിക്ഷേപ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | നൽകിയ തുക (₹) | ബിൽ നം./ തീയതി |
|---|---|---|---|---|
| ജല അതോറിറ്റി | പീരുമേട് ഗ്രാമപഞ്ചായത്ത്-കൊട്ടുവ-അബ്േദക്കർ കോളനി കടിവെള്ള പദ്ധതി പൈപ്പ് ലൈൻ മാറ്റൽ | അക്കൗണ്ട് ട്രാൻസ്ഫർ | 1000000 | 37/17-18/ 14.03.18 |
| | പെരുവന്താനം ഗ്രാമപഞ്ചായത്ത്-കരണിക്കാട് കടിവെള്ള പദ്ധതി | അക്കൗണ്ട് ട്രാൻസ്ഫർ | 1000000 | 39/17-18/ 14.03.18 |
| | കൊക്കയാർ ഗ്രാമപഞ്ചായത്ത്-മരുതുംമൂട് കടിവെള്ള പദ്ധതി | അക്കൗണ്ട് ട്രാൻസ്ഫർ | 1000000 | 38/17-18/ 14.03.18 |
| ഭൂജല അതോറിറ്റി | മുട്ടം ഹോമിയോ ആശുപത്രി കുഴൽ കിണർ | അക്കൗണ്ട് ട്രാൻസ്ഫർ | 47310 | 65/17-18/ 17.03.18 |
| കെ.എസ്.ഇ.ബി ലിമിറ്റഡ് | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്- വേളൂർ പുലികാവ് വൈദ്യുതീകരണം | അക്കൗണ്ട് ട്രാൻസ്ഫർ | 928770 | 85/17-18/ 28.03.18 |
| | ജില്ല മണ്ണ് പരിശോധന കേന്ദ്രത്തിൽ ത്രീ ഫേസ് കണക്ഷൻ | അക്കൗണ്ട് ട്രാൻസ്ഫർ | 209595 | 67/17-18/ 17.03.18 |
| | ആകെ | | 4185675 | |

## 3-26 വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു-നഷ്ടം

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാർ വ്യവസ്ഥയിലെ ക്രമനം 6,7 എന്നിവ പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റു വാങ്ങുകയും, സ്ഥലമേറ്റു വാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ് എന്നും മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം(അഞ്ചിൽഒന്ന്) കൂടി പിഴയില്ലാതെ അുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം, കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർതുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻസാധിക്കൂ.

തൻവർഷം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഭൂരിപക്ഷം പ്രവൃത്തികളിലും കൃത്യസമയത്ത് വേല പൂർത്തിയാകാത്തതിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ചുവടെ ചേർക്കുന്ന ഏതാനും പ്രവൃത്തികളിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം മഴക്കാലം,നിർമ്മാണ വസ്തുക്കളുടെയും തൊഴിലാളികളുടെയും ലഭ്യതക്കുറവ്,ജിഎസ് ടി, സ്ഥലം കൈമാറ്റ താമസം തുടങ്ങിയ കാരണങ്ങൾ സൂചിപ്പിച്ച് അനധികൃതമായി കാലയളവ് നീട്ടി നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്, നം. ബിൽ നം. | കരാറുകാരൻ/ എം. ബുക്ക് നം. | കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക (₹) | 20% ഇളവ് അടക്കം വേല പൂർത്തിയാക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| അമ്പഴച്ചാൽ – കാണ്ടിയാമ്പാറ റോഡ് ടാറിംഗ് (1103/18) 364/ 17-18/ 31-03-18, 99970 | കെ. പി. ബിജു, 525/17-18 | 316/T/EE/ LSGD/IDK/ 16-17/ 24-03-17, 90 ദിവസം | 999770 | 10-08-2017 (90+18 ദിവസം) | 24.03.18 | 49986 | 11-08-2017ൽ ഈടാക്കേണ്ട പിഴ -9998 11-11-2017-ൽ ഈടാക്കേണ്ട പിഴ -19994 11-02-2018-ൽ ഈടാക്കേണ്ട പിഴ ₹19994 ആകെ- 49986 |
| മേനോൻ മേട് ഒട്ടകത്തല റോഡ് (932/17-18) 289/17-18/ 28-02-18, 986093 | സലേഷ് രാജു, 96/17-18 | 72/Q/EE/ LSGD/IDK/ 17-18/ 19-05-17, 150 ദിവസം | 999968.43 | 10-11-17 (150+30 ദിവസം) | 08.02.18 | 9999 | 11-11-2017ൽ ഈടാക്കേണ്ട പിഴ -9999 |
| അച്ചക്കട ട്രഞ്ച്മെട്ട് റോഡ് (970/17-18), 311/17-18/ 27-03-18. 979808 | ജിറ്റോ ജോർജ്, 269/16-17 | 311/T/EE/ LSGD/IDK/ 16-17/ 23-03-17, 90 ദിവസം | 987907 | 09-07-2017 (90+18 ദിവസം) | 22.03.18 | 49395 | 10-07-2017-ൽ ഈടാക്കേണ്ട പിഴ -9879(2%) 10-10-2017-ൽ ഈടാക്കേണ്ട പിഴ 1%- 19758 10-01-2018-ൽ ഈടാക്കേണ്ട പിഴ 2% |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | =19758<br>ആകെ -<br>₹49395 |
| ശൂലാപ്പാററോഡ് പുനരുദ്ധാരണം (891/17-18)<br>172/17-18/ 24-08-2017,<br>409257 | അനീഷ് കുമാർ വി എസ്<br>115/17-18 | 74/T/ EELSGD/ IDK- 17-18 19-05-17,<br>90 ദിവസം | 903558 | 06-09-2017<br>(90+18 ദിവസം) | 12.02.18 | 27108 | 07-09-2017-ൽ ഈടാക്കേണ്ട പിഴ -9036<br>07-12-2017-ൽ ഈടാക്കേണ്ട പിഴ -18072<br>ആകെ -₹27108 |
| ആനക്കുഴി പുതുക്കാട് റോഡ് (924/17-18)<br>341/17-18/ 31-03-18,<br>987153 | പി ജെ മാത്തച്ചൻ,<br>814/17-18 | 76/Q/EE/LSGD/ IDK/17-18/ 22-05-17,<br>90 ദിവസം | 991913 | 08-09-2017<br>(90+18 ദിവസം) | 31.03.18 | 49595 | 09-09-2017-ൽ ഈടാക്കേണ്ട പിഴ -9919<br>09-12-2017-ൽ ഈടാക്കേണ്ട പിഴ -19838<br>09-03-2018-ൽ ഈടാക്കേണ്ട പിഴ -19838<br>ആകെ-<br>₹49595 |
| പാമ്പുമുക്ക് ലക്ഷംവീട് കോളനി റോഡ് (976/18)<br>339/17-18/ 31-03-18,<br>909722 | അനീഷ് കുമാർ വി എസ്,<br>114/17-18 | 387/T/EE/LSGD/ IDK/ 16-17/ 31-03-17,<br>180 ദിവസം | 929874 | 05-11-17<br>(180+36 ദിവസം) | 21.03.18 | 27896 | 06-11-2017-ൽ ഈടാക്കേണ്ട പിഴ -9299<br>06-02-2018-ൽ ഈടാക്കേണ്ട പിഴ -18597<br>ആകെ -<br>₹27896 |
| അപ്പുക്കുട്ടൻ പടി മക്കുവള്ളി റോഡ് (1056/18)<br>293/17/18/ 13-03-18,<br>820647 | ബെന്നി ജോൺ,<br>230/17-18 | 350/T/EE/ LSGD/IDK/ 16-17/ 30-03-17,<br>90 ദിവസം | 828739 | 17-07-2017<br>(90+18 ദിവസം) | 09.02.18 | 41435 | 18-07-2017-ൽ ഈടാക്കേണ്ട പിഴ -8287<br>18-10-2017-ൽ ഈടാക്കേണ്ട പിഴ -16574<br>18-01-2018-ൽ ഈടാക്കേണ്ട പിഴ -16574<br>ആകെ -<br>₹41435 |
| ചെക്കനാട് പ്രിയദർശനി റോഡ് (1046/18)<br>370/17-18/ 31-03-18 | ഏലിയാമ്മ സ്കറിയാ,<br>18/17-18 | 246/T/EE/ LSGD/IDK/ 16-17/ 09-03-17,<br>180 ദിവസം | 1468127 | 14-10-17<br>(180+36 ദിവസം) | 23.03.18 | 44044 | 15-10-2017-ൽ ഈടാക്കേണ്ട പിഴ -14681<br>15-01-2018-ൽ ഈടാക്കേണ്ട പിഴ -29363<br>ആകെ -<br>₹44044 |
| എള്ളുപുറം സാംനഗർ സംരക്ഷണ ഭിത്തി(000)<br>272/17/18/ 03-02-18,<br>8833887 | അബ്രാഹം കുരുവിള,<br>245/17-18 | 269/T/EE/ LSGD/IDK/ 16-17/ 13-03-17,<br>120 ദിവസം | 913572 | 05-08-2017<br>(120+24 ദിവസം) | 06.12.17 | 27407 | 06-08-2017-ൽ ഈടാക്കേണ്ട പിഴ -9136<br>06-11-2017-ൽ ഈടാക്കേണ്ട പിഴ -18271<br>ആകെ -<br>₹27407 |
| ബോയ്സ് ഫ്രണ്ട് ലി ടോയ് ലറ്റ് ജിഎച്ച്എസ് തങ്കമണി (000/18)<br>295/17/18/ 12-03-18,<br>224874 | ഷാജി ജോസഫ്,<br>703/17-18 | 340/T/EE/ LSGD/IDK/ 16-17/ 28-03-17,<br>90 ദിവസം | 235572 | 15-07-2017<br>(90+18 ദിവസം) | 21.12.17 | 7067 | 16-07-2017-ൽ ഈടാക്കേണ്ട പിഴ -2356<br>16-10-2017-ൽ ഈടാക്കേണ്ട പിഴ -4711<br>ആകെ- ₹7067 |
| കത്തുപാറ സെല്ലിയാമ്പാറ റോഡ് (854/18) | സുഭാഷ് റ്റി എൻ<br>42/17 | 40/T/EE/ LSGD/ IDK/ | 1416844 | 22-08-2017<br>(90+18 ദിവസം) | 05.12.17 | 42505 | 23-08-2017-ൽ ഈടാക്കേണ്ട പിഴ -14168 |

| | | | | | | | |
|---|---|---|---|---|---|---|---|
| 270/17/18/ 02-02-18, | | 17-18/ 05-05-17, 90 ദിവസം | | | | | 23-11-2017-ൽ ഈടാക്കേണ്ട പിഴ -28337 ആകെ- ₹42505 |
| കല്ലുകട്ടം വളകോട് റോഡ് (000/18) 311/17/18/ 27-03-18, 1018116 | പ്രിൻസ് ചെറിയാൻ, 143/17-18 | 112/T/EE/ LSGD/ IDK/17-18/ 01-08-17, 120 ദിവസം | 1018116 | 24-12-2017 (120+24 ദിവസം) | 00.03.18 | 10181 | 25-12-2017-ൽ ഈടാക്കേണ്ട പിഴ -₹10181 |
| പൂതക്കാവ് പാതാഴക്കല്ല് പാറ റോഡ് (984/18) 356/17/18/ 31-03-18, 419310 | ബിജു പീറ്റർ 000/17-18 | 38/T/EE/ LSGD/ IDK/ 17-18/ 03-05-17, 180 ദിവസം | 418429 | 08-12-2017 (180+36 ദിവസം) | 24.03.18 | 12553 | 09-12-2017-ൽ ഈടാക്കേണ്ട പിഴ -4184 09-03-2018-ൽ ഈടാക്കേണ്ട പിഴ -8368 ആകെ - ₹12553 |
| ശാശേരിപ്പടി മൈലാട്ടംപാറ റോഡ് (000/18) 342/17/18/ 31-03-18, 495447 | പി ജെ മത്തച്ചൻ 000/17-18 | 75/Q/EE/ LSGD/ IDK/17-18/ 22-05-17, 60 ദിവസം | 499968 | 02-08-2017 (60+12 ദിവസം) | 11.01.18 | 14999 | 03-08-2017-ൽ ഈടാക്കേണ്ട പിഴ -5000 03-11-2017-ൽ ഈടാക്കേണ്ട പിഴ -9999 ആകെ- ₹14999 |
| നീലാണ്ടൻ കവല പള്ളിക്കവല റോഡ് (1003/18) 294/17/18/ 14-03-18, 47998 | ബെന്നി ജോൺ 000/17-18 | 299/T/EE/LSGD/ IDK/ 16-17/ 22-03-17, 90 ദിവസം | 489803 | 08-07-2017 (90+18 ദിവസം) | 07.02.18 | 24490 | 09-07-2017-ൽ ഈടാക്കേണ്ട പിഴ -4898 09-10-2017-ൽ ഈടാക്കേണ്ട പിഴ -9796 09-01-2018-ൽ ഈടാക്കേണ്ട പിഴ -9796 ആകെ - ₹24490 |
| കാറ്റാടിക്കവല തോവാളമെട്ട് റോഡ് (000/18) 297/17/18/ 17-03-18, 841334 | ടോമി തോമസ് 000/17-18 | 111/T/EE/ LSGD/ IDK/17-18/ 01-08-17, 90 ദിവസം | 900000 | 18-11-2017 (90+18 ദിവസം) | 15.02.18 | 9000 | 19-11-2017-ൽ ഈടാക്കേണ്ട പിഴ -₹9000 |
| എല്ലക്കൽ വെള്ളത്തൂവൽ റോഡ് (0000/18) 169/17/18/ 24-08-17, 978762, 331/17/18/ 31-03-18, | റ്റി എൻ ബാലൻ 256/17, 1047/18 | 291/T/EE/ LSGD/IDK/ 16-17/ 20-03-17, 120 ദിവസം | 1498517 | 12-08-2017 (120+24 ദിവസം) | 23.02.18 | 74925 | 13-08-2017-ൽ ഈടാക്കേണ്ട പിഴ -14985 13-11-2017-ൽ ഈടാക്കേണ്ട പിഴ -29970 13-02-2018-ൽ ഈടാക്കേണ്ട പിഴ -29970 ആകെ- ₹74925 |
| ചില്ലിത്തോട് ഒഴുവത്തടം റോഡ് (0000/18) 286/17/18/ 27-02-18, 2496878 | എം. എ സൈനുദ്ദീൻ 000/17-18 | 301/T/EE/ LSGD/ IDK/ 16-17/ 22-03-17, 90 ദിവസം | 2499059 | 08-07-2017 (90+18 ദിവസം) | 27.10.17 | 74972 | 09-07-2017-ൽ ഈടാക്കേണ്ട പിഴ -24991 09-10-2017-ൽ ഈടാക്കേണ്ട പിഴ -49981 ആകെ - ₹74972 |
| മുടിപ്പാറ കമ്പിലൈൻ റോഡ് (0000/18) | നവാസ് പി എസ് 73/17-18 | 227/T/EE/ LSGD/ IDK/ 16-17/ 07-03-17, | 992783 | 24-06-2017 (90+18 ദിവസം) | 21.10.17 | 29784 | 25-06-2017-ൽ ഈടാക്കേണ്ട പിഴ -9928 |

| | | | | | | | |
|---|---|---|---|---|---|---|---|
| 253/17/18/ 19-01-18, 985956 | | 90 ദിവസം | | | | | 25-09-2017-ൽ ഈടാക്കേണ്ട പിഴ -19856 ആകെ - ₹29784 |
| സന്യാസിയോട പനക്കൽ സിറ്റി നിർമലപുരം റോഡ് (968/18) 344/17/18/ 31-03-18, 993844 | പി ജെ മത്തച്ചൻ 340/17-18 | 77/T/EE/ LSGD/ IDK/ 17-18/ 22-05-17, 90 ദിവസം | 999318 | 08-09-2017 (90+18 ദിവസം) | 16.03.18 | 49965 | 09-09-2017-ൽ ഈടാക്കേണ്ട പിഴ -9993 09-12-2017-ൽ ഈടാക്കേണ്ട പിഴ -19986 09-03-2018-ൽ ഈടാക്കേണ്ട പിഴ -19986 ആകെ- ₹49965 |
| പാണ്ടിപ്പാറ ഇരുട്ടുകടി റോഡ് (000/18) 383/17/18/ 31-03-18, 983531 | സെബാസ്റ്റ്യൻ കെ വി 769/17-18 | 345/T/EE/ LSGD/ IDK/ 16-17/ 30-03-17, 90 ദിവസം | 988557 | 17-07-2017 (90+18 ദിവസം) | 15.02.18 | 49428 | 18-07-2017-ൽ ഈടാക്കേണ്ട പിഴ -9886 18-10-2017-ൽ ഈടാക്കേണ്ട പിഴ -19771 18-01-2018-ൽ ഈടാക്കേണ്ട പിഴ -19771 ആകെ - ₹49428 |
| മാരിയമ്മൻ അമ്പലപ്പടി കുട്ടക്കാർ അമ്പാപ്പടി റോഡ് (1086/18) 336/17/ 18/31-03-18, 989395 | പി എ ഷാജി 882/17-18 | 372/T/EE/ LSGD/IDK/ 16-17/ 31-03-17, 180 ദിവസം | 989409 | 05-11-2017 (180+36 ദിവസം) | 05.02.18 | 9894 | 06-11-2017-ൽ ഈടാക്കേണ്ട പിഴ -₹9894 |
| കല്ലേപ്പാലം മാകോച്ചി റോഡ് (1238/18) 8/17/18/ 23-01-18, 780364 | സിജോ മാത്യു 238/16-17 | 134/T1/EE/ LSGD/ IDK/ 15-16/ 22-02-16, 150 ദിവസം | 801398 | 20-08-2016 (150+30 ദിവസം) | 05.10.16 | 8014 | 21-08-2016-ൽ ഈടാക്കേണ്ട പിഴ -₹8014 |
| വിമലഗിരി അഞ്ചാനിക്കവല റോഡ് (1329/18) 325/17/ 18/31-03-18, 679008 | ഷാജി ജോസഫ് 652/17-18 | 96/T/EE/ LSGD/ IDK/ 17-18/ 10-07-17, 90 ദിവസം | 683291 | 27-10-2017 (90+18 ദിവസം) | 21.03.18 | 20499 | 28-10-2017-ൽ ഈടാക്കേണ്ട പിഴ -6833 28-01-2018-ൽ ഈടാക്കേണ്ട പിഴ -13666 ആകെ - ₹20499 |
| ഇരുന്നൂറ് ഏക്കർ റോഡ് കുമ്പൻപാറ (317/18) 362/16-17/ 29-03-17, 1876733 320/17/18/ 27-03-18, 869787 321/17/18/ 27-03-18, 2100000 | ഷെല്ലി മാത്യു 116/17 117/17 | 152/T/EE/ LSGD/ IDK/ 16-17/ 16-02-17, 150 ദിവസം | 4989971 | 14-08-2017 (150+30 ദിവസം) | 06.03.18 | 249498 | 15-08-2017-ൽ ഈടാക്കേണ്ട പിഴ -49900 15-11-2017-ൽ ഈടാക്കേണ്ട പിഴ -99799 15-02-2018-ൽ ഈടാക്കേണ്ട പിഴ -99799 ആകെ - ₹249498 |
| | | | | | ആകെ | | ₹ 1014639 |

മേൽ പറഞ്ഞവയിൽ പലതിനും അപേക്ഷയില്ലാതെ പോലും ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ പ്രാഥമിക തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് ഒരു കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്.ആയതിനാൽ മേൽ സൂചിത കാരണങ്ങളാൽ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 02.03.2019-ന് 10-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉഭയകക്ഷി പ്രകാരമുള്ള കരാർ വ്യവസ്ഥകൾ പാലിക്കാൻ ഇരുകൂട്ടർക്കും ബാദ്ധ്യതയുണ്ട്.കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.ആയതിന് വിരുദ്ധമായി, പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ എക്സി. എഞ്ചിനീയറുടെ വീഴ്ചയാണ്.ആയതുമൂലം ജില്ലാ പഞ്ചായത്തിനുണ്ടായ ₹1014640/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കാത്തപക്ഷം ഉത്തരവാദിയായ എക്സി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജല അതോറിറ്റി | പീരുമേട് ഗ്രാമപഞ്ചായത്ത്-കൊട്ടവ-അംബേദ്ക്കർ കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ മാറ്റൽ | അക്കൗണ്ട് ട്രാൻസ്ഫർ | 1000000 | 0 | 1000000 |
| | പെരുവന്താനം ഗ്രാമപഞ്ചായത്ത്-കരണിക്കാട് കുടിവെള്ള പദ്ധതി | അക്കൗണ്ട് ട്രാൻസ്ഫർ | 1000000 | 0 | 1000000 |
| | കൊക്കയാർ ഗ്രാമപഞ്ചായത്ത്-മരുതുംമൂട് കുടിവെള്ള പദ്ധതി | അക്കൗണ്ട് ട്രാൻസ്ഫർ | 1000000 | 0 | 1000000 |
| ഭൂജല അതോറിറ്റി | മുട്ടം ഹോമിയോ ആശുപത്രി കുഴൽ കിണർ | അക്കൗണ്ട് ട്രാൻസ്ഫർ | 47310 | 0 | 47310 |
| കെ.എസ്.ഇ.ബി ലിമിറ്റഡ് | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്- വേളൂർ പുലികാവ് വൈദ്യുതീകരണം | അക്കൗണ്ട് ട്രാൻസ്ഫർ | 928770 | 0 | 928770 |
| | ജില്ല മണ്ണ് പരിശോധന കേന്ദ്രത്തിൽ ത്രീ ഫേസ് കണക്ഷൻ | അക്കൗണ്ട് ട്രാൻസ്ഫർ | 209595 | 0 | 209595 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) 2809/11/ ത.സ്വ.ഭ.വ തി. 4.10.2011 | 267225000 | 106890000 | 26722500 | - | 80167500 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹29889425 |
| തൻവർഷം നിക്ഷേപിച്ച തുക | ₹65705000 |
| ആകെ | ₹95594425 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹41935000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹53659425 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| SBI പൈനാവ് ശാഖയിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം. 6735133l311/ dt.30.01.2016(7% പലിശ നിരക്കിൽ) (IDA ഫണ്ട്) | ₹31352723 |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ചെറുതോണി ശാഖയിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം.120341806820001/dt.28.11.2014 (10.25% പലിശ നിരക്കിൽ) (IDA ഫണ്ട്) | ₹1000000 |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ചെറുതോണി ശാഖയിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം.120341807520005/dt.22.02.2016 (8.75% പലിശ നിരക്കിൽ) (IDA ഫണ്ട്) | ₹1853702 |
| UBI, ചെറുതോണി – സർട്ടിഫിക്കറ്റ് നം. 346703350000001 | ₹10000000 |
| UBI, ചെറുതോണി – സർട്ടിഫിക്കറ്റ് നം. 346703350000003 | ₹9453000 |
| ആകെ | ₹53659425 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-2000 | (1) | സാനിട്ടറി കക്കൂസ് നിർമ്മാണം - അധിക സബ്സിഡി നൽകിയത് | ലഭ്യമല്ല |
| | | | (2) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് – ഹൈറേഞ്ച് ചാരിറ്റബിൾ സൊസൈറ്റിക്കായി നൽകിയ 4.20 ലക്ഷം രൂപയുടെ ക്രമരഹിത വിനിയോഗം | |
| | | | (3) | കാലിതീറ്റ ഫാക്ടറി – സ്ഥലത്തിന് അധികവില നൽകിയത് | |
| 1999-2000 | 42 | 2002-03 VII.6.13(i) | ലൈബ്രറി കെട്ടിട നിർമ്മാണം- ലൈബ്രറികൾക്കുള്ള ധനസഹായം വിനിയോഗിക്കാതെ കൈയ്യിൽ സൂക്ഷിച്ചു | | ലഭ്യമല്ല |
| 1999-2000 | 44 | 2002-03 VII.6.13(ii) | മണ്ണിര കമ്പോസ്റ്റ് പദ്ധതി – അനധികൃതമായി തുക പിൻവലിച്ചു. | | ലഭ്യമല്ല |
| 1999-2000 | 46 | 2002-03 VII.6.13(iii) | സംഘത്തിന് അനധികൃതമായി ധനസഹായം നൽകി | | ലഭ്യമല്ല |
| 1999-2000 | | 2002-03 VII.6.13(iv) | സ്വാശ്രയ സംഘങ്ങൾക്ക് നിയമവിരുദ്ധമായി പ്രവർത്തന മൂലധനം അനുവദിച്ചു- ₹529000/- | | ലഭ്യമല്ല |
| 1999-2000 | | 2002-03 VII.6.13(v) | ധനസഹായം പണമായി അനുവദിച്ചത് | | ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | | | അംഗീകരിക്കുന്നില്ല – ₹386000/- | |
| 2000-01 | 3-27 | 2004-05 | മെഡിക്കൽ കോളജ് –പദ്ധതി പണം ദുർവിനിയോഗം ചെയ്തു | ലഭ്യമല്ല |
| 2000-01 | 48(4) | 2004-05 | സ്വാശ്രയ വനിത സംഘത്തിന് ധനസഹായം – ക്രമക്കേടുകൾ | ലഭ്യമല്ല |
| 2001-02 | 40 (എ,ബി) | 2004-05 | വിദ്യാഭ്യാസ മേഖല – ജനകീയാസൂത്രണ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ | ലഭ്യമല്ല |
| 2005-06 | 3-9 | 2007-08 | മരാമത്ത് വേലകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാത്തതിനാൽ ₹3,47,884/-യുടെ നഷ്ടം | ലഭ്യമല്ല |
| 2006-07 | 3-13 | 2009-10 | മരാമത്ത് പണിക്കായി പദ്ധതിവിഹിതം മുൻകൂർ പിൻവലിച്ചത് – പണി പൂർത്തിയാക്കാത്തത് | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2012-13 | ജില്ലാ കൃഷിഫാം, അരിക്കുഴ – കൃഷിഫാമുകളും കാർഷിക അഭിവൃദ്ധിയും | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2013-14 | വികേന്ദ്രീകൃതാസൂത്രണം – വ്യവസായ തൊഴിൽ സംരംഭങ്ങൾ | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2014-15 | കോലാനി പന്നിവളർത്തൽ കേന്ദ്രം, ജില്ല പൗൾട്രി ഫാം കോലാനി – മൃഗസംരക്ഷണ-ക്ഷീരവികസന മേഖല | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 27, 28 | V K Vasudevan, Secretary, Vanitha Commission | LF. 21760/ SC2/02 Dt.30.06.03/ 2.08.03 | 62704 | | | | | | 62704 | |
| 2 | 1998-99 | 33 | S Murukan Asari, Manager, Dist. Industrial Centre | LF. 21760/ SC2/02 Dt.01.11.03 | 13558 | | | | | | 13558 | |
| | 1999-00 | 24 | Mary Cyriac, President, Dist.Panchayath | LF.16332/ Spl.Cell (SC2)/2004. Dt.30.05.05/ 13.07.05 | 1837 | | | | | | 1837 | |
| | 2000-01 | 41 (Part) | K J James | LF.245/ Spl.Cell (SC2)/ 2006(1) Dt.29.09.08 | 7105 | | | | | | 7105 | |
| | 2000-01 | 41 | M K Poulose | LF.245/ | 7105 | | | | | | 7105 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | (Part) | | Spl.Cell (SC2)/06(ii) Dt.29.09.08 | | | | | | | | |
| | 2000-01 | 32, 36(A), 36(B) | P C Chacko, Puthenpurackal, Thiruvanchoor. Asst.Engineer | LF.245/ Spl.Cell (SC2)/2006 Dt.25.01.2008 | 11136 | | | | | | 11136 | |
| | 2000-01 | 21, 27 | Smt Mary Cyriac, Perumana, Kattappana | LF.245/Spl. Cell (SC2)/2006 Dt.5.4.2014 | 61961 | | | | | | 61961 | |
| | 2002-03 | 7 | T K Sivadasan, Asst.Ex.Engineer, PIP Sub Divn Chengannur | LF.11905/Spl. Cell (Sc.2)/06(1) Dt.26.11.07 | 5000 | | | | | | 5000 | |
| | 2002-03 | 20 (Part) | Dr. A Thankappan, Civil Surgeon | LF.11905/ Sp.Cell (Sc.2)/06 Dt.26.11.07 | 3531 | | | | | | 3531 | |
| | 2002-03 | 13, 16,17 | C Chelladurai, Executive Engineer(Rtd) | LF.11905/ Spl.Cell (Sc.2)/06(2) Dt.26.11.07 | 30515 | | | | | | 30515 | |
| | 2002-03 | 14(2), 14(3) | P C Chacko, Asst.Engineer | LF.11905/ Spl.Cell (Sc.2)/06(2) Dt.11.11.08 | 11000 | | | | | | 11000 | |
| | 2004-05 | 3-11 (ഭാഗികം) | ആർ. വിശ്വംഭരൻ | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 13880 | | | | | | 13880 | |
| | 2004-05 | 3-17 | എം. മോഹൻകുമാർ | LF.18102/ Spl.Cell/ SC2/09 Dt.16.06.11 | 9575 | | | | | | 9575 | |
| | 2004-05 | 3-22 | K B Sankaran Kuppananickal, Methotty P O | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 20873 | | | | | | 20873 | |
| | 2006-07 | 3-1, 3-6, 3-10 | എം. മോഹൻകുമാർ | LF.18706/ Spl.Cell/ CSC/C1/11 Dt.21.02.14 | 84883 | | | | | | 84883 | |
| | 2006-07 | 08/03/18 | P K Jacob, Parambil House, Thodupuzha | LF.18706/ Spl.Cell/ CSC/C1/11 Dt.06.03.15 | 35977 | | | | | | 35977 | |
| | 2008-09 | 3-20 (part) | P Reji-Asst. Engineer Theruvaparambil Kottarakkavu P O Mavelikkara | LF.17986/ Spl.Cell /CSC/C1/13 Dt.02.03.16 | 4125 | | | | | | 4125 | |
| | 2008-09 | 3-21 (part) 3-22 (part) | E Saraswathidevi | LF.17986/ Spl.Cell/ CSC/C1/13 Dt.24.07.17 | 9161 | | | | | | 9161 | |
| | 2008-09 | 3-21 (part) | T K Jacob, Thachethukudi, Choondy P O | LF.17986/ Spl.Cell/ CSC/C1/13(1) Dt.25.09.17 | 3561 | | | | | | 3561 | |
| | 2008-09 | 3-32 (part) | K M Ushanandan, Kizhakkel, Thalikulam | LF.17986/ Spl.Cell/ CSC/C1/13(2) Dt.25.09.17 | 5600 | | | | | | 5600 | |
| | 2012-13 | 3-3, 3-7 | T Sanalkumar, Secretary | LF.15983/ Spl.Cell/ CSC/ C1/15(iii) Dt.19.02.18 | 210000 | | | | | | 210000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹81,07,43,571 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹71,92,31,321 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹12,68,938 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2,09,65,893 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 1,39,820 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-11 | | 15,337 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-12 | | 11,812 | ശ്രീ.ബിജു വിശ്വം, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-13 | | 7,724 | ശ്രീ.ബിജു വിശ്വം, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-14 | | 5,335 | ശ്രീ.ബിജു വിശ്വം, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-16 | | 43,023 | ശ്രീമതി. ലിസി തോമസ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-17 | | 31,247 | ശ്രീ. ബിജു വിശ്വം, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-26 | | 1,94,640 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | ആകെ | 12,68,938 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 (എ) | 21,94,338 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2(ബി) | 13,74,367 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-3 | 69,30,178 | ശ്രീ. റഷീദ് കെ. സെക്രട്ടറി |
| 3-4 | 3,60,904 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-6 | 24,99,058 | ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-7 | 7,40,000 | ശ്രീമതി.സോഫിയ ജേക്കബ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 3-10 | 6,15,753 | ഡോ. ഉണ്ണികൃഷ്ണൻ ടി.ജി, ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 3-12 | 4,21,962 | ശ്രീ. ബിജു വിശ്വം, എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-18 | 5,88,362 | ശ്രീ. ഷാജി. കെ. കുര്യൻ, സെക്രട്ടറി |
| 3-24 | 10,55,296 | ശ്രീ. റഷീദ് കെ., സെക്രട്ടറി |
| 3-25 | 41,85,675 | ശ്രീ. റഷീദ്. കെ., സെക്രട്ടറി |
| ആകെ | 2,09,65,893 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-24, 3-25, 3-26 |

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു കെ.വിശ്വം, എക്സിക്യൂട്ടീവ് എഞ്ചിനിയർ | ലഭ്യമല്ല | വിശ്വവിഹാർ, ഞാറയ്ക്കൽ, പെരിനാട് പി.ഒ., കൊല്ലം |
| ശ്രീമതി.ലിസി തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടുക്കി ജില്ല പഞ്ചായത്ത് | ഉഴന്നാലിൽ, കോതായിക്കുന്ന് ബൈപാസ്, തൊടുപുഴ |
| ശ്രീമതി. സോഫിയ ജേക്കബ്, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഇടുക്കി | ചേറ്റൂർ വീട്, പെരുമ്പല്ലൂർ പി.ഒ., മൂവാറ്റുപുഴ, എറണാകുളം ജില്ല |
| ശ്രീ. റഷീദ് കെ, സെക്രട്ടറി | ഫിനാൻസ് ഓഫീസർ, ഇടുക്കി ജില്ലാ പഞ്ചായത്ത് (അധിക ചുമതല) | മഞ്ഞുമറ്റത്തിൽ മുളപ്പുറം പി.ഒ., തൊടുപുഴ |
| ഡോ. റ്റി.ജി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് | ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കാസർഗോഡ് | അമ്പാടി ഹൗസ്, രാമല്ലൂർ പി.ഒ., കോതമംഗലം-686691 |
| ശ്രീ.ഷാജി. കെ. കുര്യൻ, സെക്രട്ടറി | ലഭ്യമല്ല | കടവനപ്പാട്ട്, ഇരട്ടയാർ റോഡ്, കട്ടപ്പന പി.ഒ. |
| ശ്രീമതി.ജെസി.ഇ.എസ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടുക്കി ജില്ലാ പഞ്ചായത്ത് | അറയ്ക്കൽ , തൃക്കാക്കര പി.ഒ., എറണാകുളം |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ ഓഫീസിൽ നിന്നും ഒടുവിൽപുറപ്പെടുവിച്ച കത്തിടപാടുകളുടെ നമ്പർ | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 95-96& 96-97 | Lfi3/55/2001 dt.13.3.2001 | 14 | 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30 |
| 97-98 | Lfi3.580/2001 dt.20.11.2001 | 17 | 18, 19, 20, 21, 22, 23, 24, 25, 26, 29, 44, 46, 47, 54, 55, 56, 57, |
| 98-99 | Lfi3/759/02 dt.7.01.2003 | 23 | 14, 15, 17, 19, 20a2, 20a3, 20b, 22, 22b, 23, 24, 25, 27, 28, 29, 30, 31, 32, 33, 35, 36, 37, 38 |
| 99-00 | Lfi4/91/2006 dt.20.03.2006 | 33 | 22, 23, 24, 25, 26, 27, 28, 29, 32, 33, 34, 35, 36, 37, 41, 42, 43, 45, 46, 47, 48, 49, 50, 51, 52, 53, 54, 56, 57, 58, 59, 61, 62 |
| 00-01 | KSAIDK4/ 987/15 dt.8.10.2015 | 29 | 16, 18, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48 |
| 01-02 | Lfi4.127/2015 dt.06.02.2015 | 34 | 4, 5, 6, 7, 8, 10, 11, 12, 13, 15a, 15b, 16, 17, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40 |
| 02-03 | Lfi4.332/08 dt.03.04.2008 | 23 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14(1), 3-14(2), 3-14(3), 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, |
| 03-04 | KSAIDK4/ 1473/15 dt.05.02.2016 | 33 | 2-1, 2-2, 3-1, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, |

| | | | |
|---|---|---|---|
| | | | 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34 |
| 04-05 | Lfi4/952/2012 dt.09.08.2012 | 39 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, , 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34, 3-35, 3-36, 3-38, 3-39, 3-41, 3-42 |
| 05-06 | Lfi4/1103/2014 dt.17.10.2014 | 13 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 06-07 | Lfi5/302/14 dt.8.04.2014 | 18 | 3-1, 3-2, 3-5, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-23, |
| 07-08 | KSAIDK4/<br>905/15 dt.18.10.2015 | 29 | 3-4, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26b, 3-27, 3-29, 3-30, 3-31a, 3-31b, 3-32, 3-33, 3-34, 3-35 |
| 08-09 | KSAIDK.4/<br>1113/12<br>dt.26.7.13 | 58 | 2-7, 3-1 മുതൽ 3-57 വരെ |
| 09-10 | KSAIDK4/<br>534/15 dt.05.10.2015 | 25 | 2-1, 2-2, 2-3, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25 |
| 10-11 | Lfi4/866/14 dt.09/12/14 | 27 | 1-13, 2-1, 2-2, 2-4, 3-4, 3-5, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29 |
| 11-12 | KSAIDK4/<br>1557/16 dt.19.12.2016 | 30 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-27, 3-28, 3-29, 3-31, 3-32, 3-33, 3-34, 3-37 |
| 12-13 | Ksa.idk.4/<br>195/19<br>dt.22.03.19 | 27 | 2-1(1), 2-1(2), 2-1(3), 2-3, 3-1, 3-3, 3-(4), 3-(5), 3-6, 3-7, 3-8, 3-9, 3-10(a), 3-10(b), 3-11, 3-12(a), 3-12(b), 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23, |
| 13-14 | KSAIDK.4/<br>48/2017 dt.13.02.19 | 31 | 2-1, 2-2, 3-1, 3-2(1), 3-2(2),<br>3-3, 3-4, 3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34(1), |

| | | | |
|---|---|---|---|
| | | | 3-34(2), 3-35, 3-36, 3-37(1), 3-37(2), 3-38, 3-39, 3-42, 3-43 |
| 14-15 | KSAIDK.4/ 723/17 dt.12.12.2018 | 47 | 2-1, 2-1, 2-3(1), 2-3(3), 3-1, 3-2, 3-4, 3-5, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16(1), 3-16(2), 3-16(3), 3-16(4), 3-16(5), 3-17(1), 3-17(2), 3-18, 3-19, 3-19(1), 3-19(2), 3-19(3), 3-19(4), 3-19(5), 3-19(6), 3-20, 3-21, 3-22, 3-23, 3-24(1), 3-24(2), 3-24(3), 3-25(1), 3-25(2), 3-26, 3-27, 3-28, 3-29, 3-31, 3-33, 3-34 |
| 15-16 | KSAIDK4/ 1454/17 dt.07.11.18 | 23 | 2-1, 2-2, 2-3, 3-2, 3-3, 3-4, 3-6(1), 3-6(2), 3-6(3), 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-19, 3-20, 3-21, 3-22 |
| 16-17 | KSAIDK.4/ 601/18 dt.02.12.2018 | 29 | 2-1, 2-2, 2-4(B), 2-6, 3-2, 3-3, 3-4, 3-5, 3-6(2), 3-6(3), 3-7, 3-8, 3-9(2), 3-9(3), 3-9(4), 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-24, 3-25 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-4/219/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി,തൊടുപുഴ
തീയതി:28.03.2019
PH:04862 227332
Email:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി